ജാലകം
WITH EXCLUSIVE ENGLISH SUPPLEMENT
May - June 2002 (Vol 5 No 3)

മലയാളത്തെയും അക്ഷരങ്ങളെയും
സ്നേഹിക്കുന്ന മനസ്സുകൾക്ക്........
www.jaalakam.com

# അധിക്ഷേപത്തിന്റെ അപസ്വരങ്ങൾ

മലയാളികൾ കൂടുന്ന പാർട്ടികളിലും സമ്മേളനങ്ങളിലും പല ചർച്ചകളും ഉണ്ടാകാറുണ്ട്. ഏറിയ ചർച്ചകളും ബേസ്മെന്റിലെ ബാറിന്റെ മുമ്പിലിട്ടിരിക്കുന്ന നീളൻ കസേരകളിൽ ഇരുന്നുകൊണ്ടായിരിക്കും. അതിനിടയിൽ പലപ്പോഴും ആഫ്രിക്കൻ അമേരിക്കൻ ജനതയേക്കുറിച്ചുള്ള പരാമർശങ്ങളും ഉയർന്നു വരാറുണ്ട്. പലപ്പോഴും, തമാശരൂപത്തിൽ, പൊട്ടിച്ചിരിക്കാനുള്ള വിഷയവുമാണ് പല മലയാളികൾക്കും.

മലയാളി പാർട്ടികളിൽ മാത്രമല്ല, നമ്മൾ ജോലി ചെയ്യുന്നിടത്തും ധാരാളം ആഫ്രിക്കൻ അമേരിക്കൻ വംശജരുൾപ്പെടെയുള്ള ന്യൂനപക്ഷങ്ങളെ നാം കാണാറുണ്ട്; അവരുമായി ഇടപെടാറുമുണ്ട്. ഇങ്ങനെയെല്ലാം ഇടപെടുമ്പോഴും, സംസാരിക്കുമ്പോഴും പുച്ഛത്തോടെ പെരുമാറുന്ന പല മലയാളികളേയും നമുക്ക് കാണാം. ഭൂരിപക്ഷത്തിൽപ്പെടുന്ന വെളുത്ത വർഗക്കാരനോട് സംസാരിക്കുമ്പോഴും ഇടപെടുമ്പോഴും ആദരവോടെ, നട്ടെല്ല് വളച്ച്, ഇക്കൂട്ടർ സംസാരിക്കുന്നു. കറുത്തവനോടുള്ള വിവേചനം സംസാരത്തിലും പെരുമാററത്തിലും മലയാളികൾക്കിടയിൽ പൊതുവായി പ്രകടിച്ചു കാണുന്നു.

മലയാളി സമ്മേളനങ്ങളിലോ വേദിയിലോ ആഫ്രിക്കൻ അമേരിക്കൻ വംശജരെ ക്ഷണിക്കാറില്ല; കൊണ്ടുവരാറുമില്ല. ആഫ്രിക്കൻ വംശജർ അയൽപക്കത്ത് വീട് മേടിച്ചാൽ മലയാളിക്ക് ശ്വാസം മുട്ടൽ അനുഭവപ്പെടും. മലയാളിക്കുട്ടികൾ കറുത്ത കുട്ടികളുമായി സ്കൂളുകളിലും കോളേജുകളിലും കൂട്ട് കൂടുന്നത് തവിട്ട് നിറമുള്ള, ദ്രാവിഡ വംശത്തിൽപ്പെട്ടതെന്ന് ചരിത്രം പറയുന്ന, മലയാളികൾക്ക് ദഹിക്കുകയില്ല. ചുരുക്കിപ്പറഞ്ഞാൽ കറുത്ത വർഗക്കാരനോട് മലയാളിക്ക് പുച്ഛവും നീരസ്സവുമാണ്.

അതേസമയം, കറുത്ത വർഗക്കാർ നടത്തിയ വർഗ സമരത്തിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യത്തിലൂടെയാണ് ഇവിടെയുള്ള ഓരോ മലയാളിയും വിലസി നടക്കുന്നതെന്ന കാര്യം നമ്മൾ മലയാളികൾ പലപ്പോഴും മറക്കുന്നു. 1950 കളിലും 1960 കളിലും അനേകം കറുത്ത വർഗക്കാർ അവരുടെ ജീവിതം മനുഷ്യാവകാശങ്ങൾക്കുവേണ്ടി ബലി അർപ്പിച്ചിട്ടുണ്ട്. മാർട്ടിൻ ലൂഥർ കിങ്ങിനേപ്പോലുള്ള നേതാക്കന്മാർ ഈ രാജ്യത്തിന്റെ അഭിമാനമായി എന്നും തുടരും. 1960 കളിൽമാത്രം ന്യൂനപക്ഷങ്ങൾക്ക് ലഭിച്ച വോട്ടവകാശങ്ങളും കോളേജ് വിദ്യാഭ്യാസ അവകാശങ്ങളും അനേകം വർഷങ്ങളിലെ കറുത്ത വർഗക്കാരന്റെ ജീവിത സമരത്തിന്റെ അനന്തര ഫലമാണ്. ഭൂരിപക്ഷങ്ങളുടെ കൈയ്യിൽ നിന്നേററ പീഡന, വിവേചന കഥകൾ തലമുറകളായി ഇവിടെ ജീവിക്കുന്ന കറുത്ത വർഗക്കാരന് ഇപ്പോഴും പറയാനുണ്ട്.

ഇപ്പോഴും ന്യൂനപക്ഷമായി തുടരുന്ന കറുത്തവർഗക്കാരനുള്ള ഈ രാജ്യത്തേക്ക്, തവിട്ടുനിറമുള്ള, മലയാളി ഉൾപ്പെടുന്ന ഇന്ത്യാക്കാർ വന്നു ചേർന്നുകൊണ്ടിരിക്കുന്നു. ഈ മലയാളികളിൽ ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനുമുണ്ട്. മുതലാളിത്തത്തിലേക്കുള്ള മലയാളിയുടെ അമേരിക്കൻ യാത്ര സുഗമമാണെങ്കിലും ഇവിടെയുള്ള ഭൂരിപക്ഷത്തിന്റെ കണ്ണിൽ ബ്രാഹ്മണൻ ഉൾപ്പെടെയുള്ള എല്ലാ ഇന്ത്യാക്കാരനും ന്യൂനപക്ഷമാണ്; തവിട്ടുനിറക്കാരാണ്.

ന്യൂനപക്ഷ ക്വാട്ടായിൽ മലയാളിക്കുട്ടികൾക്കും സ്കൂളിലേയും കോളേജിലേയും സ്പെഷൽ പ്രോഗ്രാംസിൽ അഡ്മിഷൻ കിട്ടുകയും, ജോലിക്ക് അപേക്ഷിക്കുമ്പോൾ മാന്യമായ ജോലി ലഭിക്കുകയും, ഏതു വ്യവസായം തുടങ്ങാനുള്ള അവകാശം ലഭിക്കുകയും ചെയ്യുന്നതിന്റെയെല്ലാം പിന്നിൽ ആഫ്രിക്കൻ അമേരിക്കൻ ചിന്തിയ ചോരപ്പാടുകൾ ദർശിക്കാൻ കഴിയും. നമ്മുടെ പാർട്ടികളിലും സമ്മേളനങ്ങളിലും പെരുമാററത്തിലും, നമ്മുടെ സഹോദരങ്ങളെത്തന്നെ നാം വിവേചിക്കേണ്ടതുണ്ടോ?

**ജോർജ് മുകളേൽ,**
**എഡിറ്റർ**

Jaalakam is published bimonthly by Adept Media Inc. All rights reserved. Reproduction in any form is prohibited. Subscription $12 per year (6 issues). Please draw remittance in favor of Adept Media Inc. Call for advertising information. The publishers of Jaalakam assume no responsibility for statements made by their advertisers, nor do they assume responsibility for statements / opinions expressed or implied in the columns of this publication. POST MASTER — Send address changes to: PO Box 6663, Seffner, FL 33583. **Editor** George Mukalel **Editorial Consultant** Joyan Kumarakom **Editorial Board** Abraham Theckemury, KC Jayan, K Mohanachandran, Dr MP Ravindra Nathan, Dr Susheela Ravindra Nathan, Dr V Balakrishnan, Adv. Monachan Muthalali **Marketing Coordinators** Sherly and Stany **Typography** Sindhu Antony **Photoshop Consultant** Ashish Panakkal **Photo Editor** K Anil Kumar

**Jaalakam, PO Box 6663, Seffner, FL 33583. E-mail — jaalakam@aol.com Telephone / Fax — 813 6851713 www.jaalakam.com**

# ഇന്ത്യൻ സ്വപ്നത്തിന് ചിറകു നൽകാൻ

**കെ. ബാലചന്ദ്രൻ**

തിരുവനന്തപുരം നഗര വീഥികളിൽ വെറുമൊരു സാധാരണക്കാരൻ മത്രമായി നടന്നു നീങ്ങുമായിരുന്ന ആ അസാധാരണ പ്രതിഭ, നഗരവാസികൾക്ക് ഒരു വിസ്മയമായിരുന്നു. ഇന്ത്യൻ ബഹിരാകാശ സാങ്കേതിക വിദ്യക്ക് പുതിയ ചിറകുകൾ സമ്മാനിച്ച അതികായനായ ഡോ. എ.പി.ജെ. അബ്ദുൾകലാം രാഷ്ട്രപതിഭവനിലെ ഉന്നത പീഠത്തിൽ ആസനസ്ഥനാകുമ്പോൾ ലാളിത്യത്തിൽ പടുത്തുയർത്തിയ ആ വിസ്മയം പൂർത്തിയാകുന്നു. തമിഴകത്തു ജനിച്ച്, കേരളത്തിൽ ജീവിച്ച്, പ്രതിഭയുടെ ഉയരങ്ങൾ കയറി, ദേശീയ ജീവിതത്തിൽ സ്വന്തം സ്ഥാനം കണ്ടെത്തിയ ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇനി വിശാല ലോകത്തിന്റെ കണ്ണുകളിൽ ഭാരതത്തിന്റെ മുഖവും ശബ്ദവുമായിരിക്കും. അദ്ദേഹത്തിന്റെ നിറഞ്ഞ പ്രസന്നതയും പ്രചോദിപ്പിക്കുന്ന വാക്കുകളും ദേശീയ ജീവിതത്തിൽ നിരന്തര സാന്നിദ്ധ്യമായിരിക്കും.

സദാ നിറഞ്ഞ പുഞ്ചിരിയുമായി ജനങ്ങളൊടു ചുമലുരുമ്മി ജീവിച്ച സൗമ്യവാക്കായ ആ ബഹിരാകാശ ശാസ്ത്രജ്ഞൻ കാണക്കാണെ വളർന്ന് ഭാരതരത്നവുമായി ദേശത്തിന്റെ അമൂല്യ സമ്പത്തായിത്തീർന്നപ്പോൾ കേരളം അഭിമാനം കൊണ്ടു. ഇപ്പോഴിതാ റെയ്സീൻ കുന്നുകളിലെ രാഷ്ട്രപതി മന്ദിരത്തിന്റെ പ്രൗഢഗാംഭീര്യത്തിലേക്ക് മഹത്തായൊരു സ്വപ്നത്തിന്റെ കൈപിടിച്ച് അദ്ദേഹം കടന്നുവരുമ്പോൾ ഭാരതമാകെ അഭിമാനതരംഗിതമാകുന്നു. കണ്ണെത്തും ദൂരത്തെങ്ങാനും എതിരാളികളില്ലാത്ത, പുഞ്ചിരി ആയുധമാക്കിയ ഈ ഏകാംഗ സമധാനസേന, മഹാവിനാശത്തിന്റെ ശാസ്ത്രമായി ലോകം കാണുന്ന മിസൈൽ സാങ്കേതിക വിദ്യ കൈപ്പിടിയിലൊതുക്കിയ മനീഷി കൂടിയാണെന്നത് ചരിത്രത്തിന്റെ ഒരു കുസൃതിയാവാം. പക്ഷേ, ശാന്തതയിൽ ബുദ്ധനെ ഓർമിപ്പിക്കുന്ന കെ.ആർ. നാരായണന് എന്തുകൊണ്ടും തികഞ്ഞൊരു പിൻഗാമി തന്നെയാണദ്ദേഹം.

ഒരു മലയാളി അഭിമാനപൂർവം രാഷ്ട്രപതിഭവന്റെ പടിയിറങ്ങുമ്പോൾ ആ സ്ഥാനമേൽക്കാൻ മറെറാരു പ്രഗത്ഭനായ മലയാളിയെത്തുന്ന അപൂർവ സൗഭാഗ്യം കൊതിച്ചിരിക്കുകയായിരുന്നു കേരളീയർ. ഭരണകക്ഷികൾ ഡോ. പി.സി. അലക്സാണ്ടറുടെ പേരു നിർദ്ദേശിച്ചപ്പോൾ ആ സ്വപ്നം സത്യമായെന്നും തോന്നി. ഡോ. പി.സി. അലക്സാണ്ടറുടെ നഷ്ടം കേരളത്തിന്റെയാകെ നഷ്ടമാകുമെന്നായപ്പോൾ, ഒരു മാന്ത്രികവിദ്യകൊണ്ടെന്നപോലെ ഡോ.കലാം എന്ന പുതിയ രാഷ്ട്രപതി സ്ഥാനാർത്ഥി അതിനെ കേരളീയരുടെ നേട്ടമാക്കി മാററുകയായിരുന്നു. ഇനിയിപ്പോൾ 'ദില്ലി എത്രയകലെ' എന്നു ചിന്തിച്ചിരുന്ന മലയാളിക്ക് 'അകലെയെങ്കിലും ദില്ലി എത്രയരികെ' എന്ന് ആഹ്ലാദിക്കാം.

ഭാരതത്തിന്റെ തെക്കേയററത്ത്, രാമേശ്വരം ദീപിൽ പിറന്നു വളർന്ന, തമിഴ് ഭാഷയേയും, സംസ്കൃതിയേയും സ്നേഹിക്കുന്നതിലൂടെ ഭാരതീയതയുടെ സത്തയറിഞ്ഞ കലാം രാഷ്ട്രപതിഭവനിലേക്ക് കൊണ്ടുവരുന്നത്, സാധാരണക്കാരിൽ സാധാരണക്കാരനായ ഭാരതീയന്റെ സ്വപ്നമാണ്.

തന്റെ ഭാരതീയ സ്വത്വത്തിന് മറെറന്തെങ്കിലും മീതെ സ്ഥാനം നൽകുന്ന ഡോ. കലാം നൂറുകോടി ജനതയുടെ ജന്മഗേഹമായ ഈ രാജ്യത്തിന് പ്രതീകന്മകമായി നൽകുന്നത് മഹത്തരമായൊരു സന്ദേശമാണ്. 'നിങ്ങൾക്ക് ഒരു മഹത്തായ സ്വപ്നമുണ്ടെങ്കിൽ അത് നേടിയെടുക്കാനുള്ള ആത്മവീര്യവും കർമ്മനൈപുണ്യവുമുണ്ടെങ്കിൽ ആകാശമാണതിർത്തി' എന്നതാണാ സന്ദേശം.

രാമേശ്വരത്തെ ഒരു ദരിദ്ര മുസ്ലിം കുടുംബത്തിൽ ഒരു കടത്തുവള്ളമുടമയായ ജൈനുലാബ്ദീന്റേയും ആഷിയുമ്മയുടേയും പുത്രനായി 1931 ൽ പിറന്ന അവുക്തർ പക്കീർ ജൈനുലാബ്ദീൻ അബ്ദുൾ കലാം ചെറുപ്പത്തിൽ പത്രവിതരണം നടത്തിയാണ് വിദ്യാഭ്യാസത്തിനു പണം കണ്ടെത്തിയത്. എയറോനോട്ടിക്കൽ എഞ്ചിനീയറിംഗ് പഠിക്കാനായി സഹോദരിയുടെ വളകൾ പണയം വക്കേണ്ടിവന്ന നാളുകൾ പിന്നിട്ട് പിൽക്കാലത്ത് മിസൈൽ സാങ്കേതിക വിദ്യയുടെ ആഴങ്ങളിലേക്കും പ്രപഞ്ചരഹസ്യങ്ങളിലേക്കും അദ്ദേഹം ഇറങ്ങിപ്പോയി. വിക്രം സാരാഭായ് എന്ന മഹാശാസ്ത്രജ്ഞൻ കണ്ടെത്തിയ മുത്ത്, മഹത്വത്തിന്റെ സ്വന്തം പാതകളിലേക്ക് നടന്നു നീങ്ങുകയായിരുന്നു. വീണവാദകനായ, ശ്രീരാഗം ഇഷ്ടപ്പെടുന്ന, ഖലീൽ ജിബ്രാന്റെ കൃതികളിൽ സ്വയം നഷ്ടപ്പെടുന്ന, തമിഴിൽ കവിതകളെഴുതുന്ന, ഒരു മിസൈൽ ശാസ്ത്രജ്ഞനെ സങ്കൽപ്പിക്കാൻ അത്ര എളുപ്പമല്ല. അസാധാരണ വ്യക്തിത്വം എന്നുതന്നെ അദ്ദേഹത്തെ വിശേഷിപ്പിക്കണം.

അതുകൊണ്ടുതന്നെയാവണം, ശാസ്ത്രത്തിന്റെ ഉറച്ച മണ്ണിൽ വേരുറപ്പിച്ചുകൊണ്ടുതന്നെ മഹത്തായ സ്വപ്നങ്ങളുടെ ആകാശദൂരങ്ങൾ കൈയെത്തിപ്പിടിക്കാനുള്ള ശ്രമത്തിൽ അദ്ദേഹം വിജയിച്ചതും. ഭാരതത്തിന്റെ മഹത്തരമായൊരു ഭാവി സ്വപ്നം കാണാനദ്ദേഹത്തിനു ധൈര്യം നൽകിയത്, നമ്മുടെ ഭൂതകാല നേട്ടങ്ങളേക്കുറിച്ചുള്ള അഭിമാനബോധമാണ്. ദേശാഭിമാനത്തിന്റേയും ദേശീയതയുടേയും മഹത്വകാംക്ഷയുടേയും പ്രതീകമായിട്ടാണ് ഭാരതീയർ അദ്ദേഹത്തെ കാണുന്നത്.

അമേരിക്കൻ സന്ദർശനത്തിനിടക്ക് നാസയിലെ സ്വീകരണമുറിയിൽ തന്നെ അഭിമാന വിജ്രുംഭിതനാക്കിയ ഒരു പെയിന്റിംഗ് കാണാനിടയായ കാര്യം അദ്ദേഹം അനുസ്മരിക്കുന്നുണ്ട്. അന്തരീക്ഷത്തിൽ ഏതാനും റോക്കററുകൾ ചീറിപ്പായുന്ന ഒരു യുദ്ധരംഗമായിരുന്നു ചിത്രീകരിച്ചിരുന്നത്. ബ്രിട്ടീഷുകാരെ ആക്രമിക്കുന്ന ടിപ്പുവിന്റെ സൈന്യമാണത്. ലോകത്തിൽ ആദ്യമായി യുദ്ധരംഗത്ത് റോക്കററുകൾ പ്രയോഗിച്ചത് ഭാരതീയരായിരുന്നുവെന്ന കാര്യം അമേരിക്കയുടെ ബഹിരാകാശ വിദ്യയുടെ തലസ്ഥാനമായ നാസ അംഗീകരിക്കുന്നു. പക്ഷേ ഇന്ത്യാക്കാർക്ക് പലർക്കും ഇതു വിശ്വസിക്കാൻ കഴിയുന്നില്ലെന്നും ഖേദപൂർ വം അദ്ദേഹം പറയുന്നു. ടിപ്പുവിന് ഫ്രഞ്ചുകാർ പറഞ്ഞുകൊടുത്തതാവാം ഈ വിദ്യയെന്ന് ഊഹിക്കാൻ പാടുപെടുന്ന ഒരു മറുനാടൻ ഭാരതീയന്റെ കഥ അദ്ദേഹം വേദനയോടെ ചൂണ്ടികാട്ടുന്നു.

വികസിത ഭാരതത്തേക്കുറിച്ചുള്ള മഹത്തായ സ്വപ്നവും അത്

ജനങ്ങളുമായി പങ്കുവച്ച് അവരെ പ്രചോദിതരാക്കാനുള്ള അസാധാരണ കഴിവുമാണ് അബ്ദുൾകലാമെന്ന രാഷ്ട്രപതിയെ തന്റെ മുൻഗാമികളിൽനിന്നു വ്യത്യസ്തനാക്കുക. 2020 ൽ ഒരു വികസിത ഭാരതം യാഥാർഥ്യമാകുമെന്ന് ഉറച്ചു വിശ്വസിക്കുകയും അതിനായി യുവജനതയുടെ സർഗ്ഗാഗ്നി ഉജ്ജ്വലിപ്പിക്കൽ ജീവിത ദൗത്യമായി കാണുകയും ചെയ്യുന്ന കലാം, ഇതുവരെയുള്ള സ്വന്തം പ്രവർത്തനത്തിന്റെ തുടർച്ചയാണതു ചെയ്യുന്നത്.

'ലോകത്തെ അഭിമുഖീകരിക്കാൻ ഇന്ത്യ തയ്യാറാവുന്നില്ലെങ്കിൽ നമ്മെ ആരും ബഹുമാനിക്കില്ല. ഈ ലോകത്തിൽ ഭയത്തിനു യാതൊരു സ്ഥാനവുമില്ല. ശക്തനെ മാത്രമേ ശക്തൻ അംഗീകരിക്കൂ', എന്നുറക്കെ പറയാൻ ലാളിത്യത്തിന്റെ ധാർമിക ശക്തിയിൽ വിശ്വസിക്കുന്ന നിസ്വാർഥനായൊരു കർമയോഗിക്കേ കഴിയൂ. രാഷ്ട്രപതി സ്ഥാനാർത്ഥിയായി സർ വസമ്മതനായി സ്വീകരിക്കപ്പെടേണ്ട അദ്ദേഹത്തെ മാർക്സിസ്റ്റ് പാർട്ടിയുൾപ്പെടെയുള്ള ഇടതുപക്ഷ പാർട്ടികൾ എതിർത്തത് ഏറെ ചർച്ചക്കു വഴി തെളിച്ചു. ഇതിന് ഇടതുപക്ഷകക്ഷികൾക്ക് ന്യായങ്ങളുണ്ടെങ്കിലും അബ്ദുൾ കലാമിനേപ്പോലെ വിഭാഗീയതകൾക്കൊക്കെ അതീതനായ ഒരു വ്യക്തിയുടെ കാര്യത്തിൽ അതെത്രമാത്രം പ്രസക്തമാണെന്ന കാര്യം ചിന്താവിഷയമാണ്.

ലോകത്തിനു മുന്നിൽ കേന്ദ്രസർക്കാരിനെ പ്രതിക്കൂട്ടിലാക്കിയ ഗുജറാത്തിലെ നിരപരാധികളുടെ ഞെട്ടിപ്പിക്കുന്ന വധപരമ്പരയുടെ പശ്ചാത്തലത്തിൽ ബി.ജെ.പി., അബ്ദുൾക്കലാമിനെ സ്ഥാനാർത്ഥിയാക്കിയതാണ് ഇടതുകക്ഷികളെ എതിർക്കാൻ പ്രേരിപ്പിച്ചത്. പി.സി. അലക്സാണ്ടറുടെ പേര് പ്രഖ്യാപിക്കുകയും നടപടികളുമായി മുന്നോട്ട് പോകുകയും ചെയ്ത ബി.ജെ.പി. യുടെ മലക്കം മറിച്ചിൽ സംശയാസ്പദമാണെന്നാണ് വാദം. പക്ഷേ, സർവസമ്മതനും, ഈ ഉന്നതസ്ഥാനത്തിന് അനുയോജ്യനുമായ അബ്ദുൾ കലാം മത്സരരംഗത്തെത്തുമ്പോൾ ഇടതുപക്ഷകക്ഷികൾ കൈക്കൊണ്ട നിലപാട് ആ പാർട്ടികളെ ഗ്രസിച്ചിരിക്കുന്ന ചിന്താക്കുഴപ്പത്തിന്റെ തെളിവായി സ്വീകരിക്കുന്നവരാണ് ഭൂരിപക്ഷം. ഇടതുകക്ഷികൾ പിന്തുണക്കാനുദ്ദേശിച്ച കെ.ആർ. നാരായണൻ, ബി.ജെ.പി. യെ അലോസരപ്പെടുത്തുന്നതൊഴിവാക്കാൻ കൂട്ടക്കൊലയേക്കുറിച്ച് മൗനം പാലിച്ചത് ഇടതുകക്ഷികൾ കാണാത്തതെന്തെന്നാണ് മറുചേരിയുടെ ചോദ്യം. (നാരായണൻ മൗനം പാലിച്ചുവോ എന്നത് മററൊരു ചോദ്യം. കൂട്ടക്കൊലയെ അപലപിച്ചെഴുതിയ കത്ത് സർക്കാരിനലോസരമായി എന്നു വാർത്ത.) ഇടതുപക്ഷത്തേക്ക് ചേക്കേറിയ മുലായംസിംഗ് നിർദ്ദേശിച്ച ഡോ. കലാമിനെ ചന്ദ്രബാബു നായിഡുവും പിന്തുണച്ചപ്പോൾ വിവേകപൂർവം ആ അവസരം വിനിയോഗിച്ച ബി.ജെ.പി., അവസരത്തിനൊത്ത് ഉയരുകയായിരുന്നു എന്നതല്ലേ ശരി? ബി.ജെ.പി ക്ക് സമ്മതിക്കേണ്ടി വന്നതുകൊണ്ട് കലാമിന്റെ വിശുദ്ധി നഷ്ടപ്പെട്ടുവെന്ന് ശഠിക്കുന്ന ഇടതുപക്ഷ നേതൃത്വം ചരിത്രപരമായ വങ്കത്തം ഒന്നുകൂടി ആവർത്തിച്ചുവെന്നു പറയേണ്ടി വരും.

ഒരു മിസൈൽ ശാസ്ത്രജ്ഞനെ രാഷ്ട്രപതിയാക്കുന്നത് ലോകത്തിനു ഭാരതം നൽകുന്ന തെററായ അടയാളമാണെന്ന് വ്യാഖ്യാനിച്ച പ്രതിപക്ഷ സ്ഥാനാർത്ഥി ക്യാപ്ററൻ ലക്ഷ്മിയുടെ അഭിപ്രായത്തിന് അധികം പിന്തുണക്കാരെ ലഭിച്ചില്ല. ആണവ സാങ്കേതിക വിദ്യ ഭാരതത്തിനേപ്പോലൊരു രാജ്യത്തിന് പുതിയൊരു വികസന സാധ്യതയാണെന്ന് കലാം ചൂണ്ടിക്കാട്ടുകയും ചെയ്തു. ആണവ ശാസ്ത്രമെന്നാൽ സമാധാനം തേടൽ കൂടിയാണ്.

കേരളത്തിലെ മാർക്സിസ്റ്റ് നേതാവ് വി.എസ്. അച്യുതാനന്ദൻ 'കലാമിന് രാഷ്ട്രമറിയില്ല' എന്ന അയോഗ്യതയാണ് കണ്ടത്. ഈ അഭിപ്രായം, വികസനത്തേക്കുറിച്ച് വി.എസും, പാർട്ടിയും പുലർത്തുന്ന കാലഹരണപ്പെട്ട സങ്കൽപ്പത്തെ മറ നീക്കി കാട്ടുകയായിരുന്നു. രാഷ്ട്രീയമെന്നാൽ തെരുവിലിറങ്ങി മുദ്രാവാക്യം വിളിക്കുകയും ജനശക്തി പ്രകടനത്തിന്റെ വിഫല വ്യായാമങ്ങളിലൂടെ മനുഷ്യശേഷി പാഴാക്കി കളയുകയുമാണെന്നാണ് വി.എസ്. ഇന്നും കരുതുന്നതെങ്കിൽ സംഭവിക്കാനിരിക്കുന്നതെന്താണെന്ന് ആരും പറഞ്ഞു തരേണ്ടതില്ല. കലാമിന്റെ പ്രസക്തി കാണാൻ രാഷ്ട്രീയത്തിന്റെ ഇടുങ്ങിയ കുഴൽക്കണ്ണാടി വലിച്ചെറിഞ്ഞ് വികസനത്തിന്റെ രാജതന്ത്രമെന്തെന്ന് അറിയാൻ ശ്രമിക്കണം. രാജ്യത്തിന്റെ വികസനത്തിനും പുരോഗതിക്കും വഴി തെളിക്കുന്ന പ്രവർത്തനങ്ങളാണ് രാഷ്ട്രീയമെന്നതുകൊണ്ട് താൻ മനസ്സിലാക്കുന്നതെന്ന് ഡോ. കലാം വിശദീകരിക്കുകകൂടി ചെയ്തതോടെ നമ്മുടെ രാഷ്ട്രീയ വിപ്ലവകാരികൾക്ക് തങ്ങൾ നിൽക്കുന്നതെവിടെയെന്നു മനസ്സിലായിട്ടുണ്ടാവണം.

ഭാരതം സ്വീകരിക്കുന്ന പുതിയ വികസനതന്ത്രത്തിന്റെ പ്രത്യക്ഷ പ്രഖ്യാപനമാണ് രാഷ്ട്രപതി സ്ഥാനത്തേക്കുള്ള ഈ ആണവ ശാസ്ത്രജ്ഞന്റെ സ്ഥാനാരോഹണം. രാജ്യത്തിന്റെ പുരോഗതിക്ക് സംഭാവന നൽകിയ പലർക്കും, ഭാവിയേക്കുറിച്ച് സ്വപ്നം കാണുന്നവർക്കുമുള്ളതാണ് അധികാരക്കസേരകൾ എന്നു വ്യക്തമാകുമ്പോൾ പുരോഗതിയിലേക്കുള്ള നമ്മുടെ യാത്ര ത്വരിതമാവും.

ഭാരതീയരിൽ ഏററവും പുരോഗമനോന്മുഖ വിഭാഗമായ വിദേശ ഭാരതീയർക്ക് ആഹ്ലാദകരമാണ്, അവരുടെ സങ്കൽപ്പങ്ങളും സ്വപ്നങ്ങളും മനസ്സിലാക്കുന്ന ഡോ. കലാമിന്റെ സ്ഥാനലബ്ധി. 'ഈമെയിലി'ലൂടെ നമുക്കേവർക്കും ബന്ധപ്പെടാനാവുന്ന ആദ്യത്തെ രാഷ്ട്രപതിയാണദ്ദേഹം. ലോകശക്തിയായി മാറുന്ന ഭാരതത്തിന്റെ പ്രയാണത്തിലെ സുപ്രധാന നാഴികക്കല്ലാണ് ഡോ. കലാമിന്റെ രാഷ്ട്രപതിഭവന പ്രവേശം എന്ന് ചരിത്രം പിന്നീട് രേഖപ്പെടുത്തും.

# കുടിവെള്ളം വിൽക്കുന്ന സാക്ഷ്പ്

**ഭാരതത്തിന്റെ, പ്രത്യേകിച്ച് കേരളത്തിന്റെ, പോക്ക് ഒരു ദുർഘടപ്രതിസന്ധിയിലേക്കാണ്. നമുക്കു ലക്ഷ്യബോധമില്ല. ദീർഘവീക്ഷണമുള്ളവർ നേതൃത്വമെടുക്കുന്നില്ല. വാചകവും പ്രവൃത്തിയും തമ്മിലുള്ള അന്തരം തന്ത്രമാണെന്നു നാം അഭിമാനിക്കുന്നു. ജനത വിശ്വസിക്കുന്നു.**

**കെ.എ.അബ്ദുൾ സമദ്**

**നെ**ടുനീളെ സമുദ്രതീരം ഒരുവശത്ത്. മലയാളിക്കുമാത്രമായി ഒരു കാലാവസ്ഥ സൂക്ഷിച്ചു നിവർന്നു നില്ക്കുന്ന സഹ്യപർവ്വതനിര മറുവശത്ത്. തെങ്ങിൻതോപ്പുകളും നെൽപ്പാടങ്ങളും... കേരളത്തിന് എന്താണൊരു കുറവ്?

പട്ടണങ്ങളിൽ തലയുയർത്തി നില്ക്കുന്ന കെട്ടിടങ്ങൾ. കാൽനടക്കാർക്ക് ഒരിഞ്ചു നടപ്പാതപോലും വിട്ടുകൊടുക്കാതെ ഭംഗിയായി കീലിട്ട റോഡുകൾ. റോഡുകളിലൂടെ ഇടതടവില്ലാതെ ഒഴുകുന്ന കാറുകൾ. കാറുകളിൽ നിറഞ്ഞ ചിരിയുമായി യാത്രക്കാർ.

വാസ്തുശില്പ മാതൃകകളാക്കാവുന്ന വീടുകൾ ഗ്രാമങ്ങളിൽ പോലും നിരവധി. സത്യത്തിൽ നമുക്കിപ്പോൾ ഗ്രാമങ്ങളില്ല. വലിയ നഗരങ്ങളും പ്രാന്തപ്രദേശങ്ങളും മാത്രം.

ഞങ്ങളുടെ പാടങ്ങളിലിപ്പോൾ വിതയില്ല. കൊയ്ത്തും മെതിയുമില്ല. സൂപ്പർമാർക്കറ്റുകളിൽ കല്ലില്ലാത്ത അരി ധാരാളം. പഴയ തവളക്കണ്ണനോളം വരില്ല. എന്നാലും വെറുതെയെന്തിന് ഉഴുകണം, വിതയ്ക്കണം, കൊയ്യണം. ആത്യന്തികമായി തിന്നുകയാണല്ലോ കാര്യം.

മലയാളികളിപ്പോൾ തെങ്ങുകൃഷി ചെയ്യാറില്ല. കാരണോന്മാർ വെച്ച തെങ്ങുകളിൽ വിളയുന്നതു താഴെ വീഴും. പെറുക്കികൂട്ടാൻ ഒരാളുണ്ടായാൽ ധാരാളം. തെങ്ങുകയറ്റം തീരെയില്ല. കയറ്റക്കാരനെ അന്വേഷിച്ചുപോവാനും അയാളുമായി പിണങ്ങാനും വയ്യ. കിളയും തടമെടുക്കലും തൂപ്പിടലും പണ്ടേ നിർത്തി. പുതിയ സാഹചര്യങ്ങളെ എങ്ങനെ അതിജീവിക്കുമെന്ന് തെങ്ങുകളും പഠിക്കട്ടെ. നിലനില്ക്കേണ്ടത് തെങ്ങിന്റെയും ആവശ്യമല്ലേ?

റബറിനും കുരുമുളകിനും വിലയില്ല. അതുകൊണ്ടുതന്നെ ആ വശത്തേക്കു ഞങ്ങൾ പോകാറുമില്ല. വിലയുള്ളതു ഏലത്തിനുമാത്രം എന്നുകരുതി കൂടുതൽ മുതൽ മുടക്കാനും അദ്ധ്വാനിക്കാനും ഞങ്ങൾ തയ്യാറല്ല. കുറേക്കഴിയുമ്പോൾ ലാറ്റിനമേരിക്കൻ രാജ്യങ്ങൾ വില കുറച്ചു മാർക്കറ്റിലിറങ്ങും. ഞങ്ങളുടെ ഏലത്തിനു വിലയില്ലാതാകും. അനുഭവത്തിൽനിന്നു ഞങ്ങളെത്ര പഠിച്ചിരിക്കുന്നു.

ഞങ്ങളും തൊടികളിൽ പച്ചമുളകോ അച്ചിങ്ങയോ നടാറില്ല. നട്ടാൽ വളരില്ല. വെറുതെയെന്തിന് പുഴുക്കൾക്കും കീടങ്ങൾക്കും തീറ്റയൊരുക്കണം? കോഴികളെ ഞങ്ങൾ വളർത്താറില്ല. മുറ്റം വൃത്തികേടാക്കും. പൈയ്ക്കളെ വളർത്തുകയോ ? അസംബന്ധം. എങ്ങനെ മുതലാവും? പാലും പച്ചക്കറികളും സൂപ്പർമാർക്കറ്റുകളിൽ ധാരാളം കിട്ടാനുണ്ടല്ലോ? അങ്ങാടിയിൽ പാലു കിട്ടുമ്പോൾ പശുവിനെ വളർത്തുന്നതെന്തിന്?

വ്യവസായങ്ങൾ ഞങ്ങൾക്കു ചേരില്ല. കരിയും പൊടിയും കരിങ്കൊടിയും ! ഈ മണ്ണിൽ കുറെ വ്യവസായങ്ങളും വേരോടിയില്ലെന്നതു ചരിത്ര സംഭവമല്ലേ? എന്തിന് ചരിത്രവുമായി മല്ലിടാൻ പോകുന്നു?

ടൂറിസം ? ഉടുക്കാനും നടക്കാനുമറിയാത്ത പാശ്ചാത്യർ ഈ പവിത്ര സംസ്കാരത്തിലൂടെ നടന്ന് എല്ലാം മലീമസമാക്കില്ലേ? നമ്മുടെ കുട്ടികൾ തെറ്റായ സ്വഭാവങ്ങൾക്ക് അടിമയാവില്ലേ? കളസമിട്ട വെളുത്ത സായിപ്പന്മാരെ കണ്ടാൽ നമ്മുടെ പെണ്ണുങ്ങളുടെ ഭാവശുദ്ധിക്കു ഭംഗം വന്നാലോ?

ഭാരതത്തിന്റെ, പ്രത്യേകിച്ച് കേരളത്തിന്റെ, പോക്ക് ഒരു ദുർഘട പ്രതിസന്ധിയിലേക്കാണ്. നമുക്കു ലക്ഷ്യബോധമില്ല. ദീർഘവീക്ഷണമുള്ളവർ നേതൃത്വമെടുക്കുന്നില്ല. വാചകവും പ്രവൃത്തിയും തമ്മിലുള്ള അന്തരം തന്ത്രമാണെന്നു നാം അഭിമാനിക്കുന്നു. ജനത വിശ്വസിക്കുന്നു.

ദീർഘകാല-നിയന്ത്രിത സമ്പദ്‌വ്യവസ്ഥയിൽ ജീവിച്ച ഈ ജനത പൊടുന്നനെ ആഗോളവല്ക്കരണത്തിന്റെ ആഴക്കടലിലേക്കു തള്ളിയിടപ്പെടുന്നു. നിയന്ത്രണങ്ങളില്ലാത്ത, ലളിതമായ ഈ അങ്ങാടി വ്യവസ്ഥയിൽ സാധാരണക്കാർപോലും ആകൃഷ്ടരാണ്. നമുക്കിവിടെ എല്ലാം ലഭിക്കുന്നു. അറ്റ്ലാന്റിക് കടക്കാതെ അമേരിക്കൻ സ്ട്രാബറി, പസഫിക് കടക്കാതെ ആസ്ട്രേലിയൻ മുന്തിരി, ഒമാനിലെ ഈത്തപ്പഴം... ലോകോത്തര ഡിസൈനർ ഉടുപ്പുകൾ, ഫർണീച്ചറുകൾ... അധികം വൈകാതെ സൈപ്രസിൽ നിന്ന് ഉപ്പുമാങ്ങയും ചൈനയിൽനിന്ന് പപ്പടവും നമുക്കു കിട്ടിത്തുടങ്ങിയേക്കും. രസമുണ്ട്.

ഉമ്മറത്തെ ചാരുകസേരയിൽ നിന്നെഴുന്നേൽക്കാതെ, ഈ തിരുവാതിരയും ഇടവപ്പാതിയും അനുഭവിച്ചുകൊണ്ടിരിക്കേത്തന്നെ ലോകത്തിന്റെ മുഴുവൻ നന്മയും നമുക്കായെത്തുന്നു. സൂപ്പർമാർക്കറ്റുകളിലെ ഷെൽഫുകളിൽ ഏതേതുരാജ്യങ്ങളുടെ സൃഷ്ടികളാണു നമുക്കായി നിരക്കുന്നത് !

ഈ കുത്തിയൊഴുക്കിന്റെ പരിമിതഫലം എന്തായിരിക്കും? നമ്മുടെ ഗ്രാമങ്ങളിലിന്നു കേളുനായരുടെ ചായക്കടയില്ല. മമ്മുവിന്റെ മുറുക്കാൻ കടയും ലാസറിന്റെ പലചരക്കുകടയുമില്ല. ചായക്കടകളിൽനിന്നുടലെടുക്കുന്ന കൊച്ചു സൗഹൃദങ്ങളും പിണക്കങ്ങളുമില്ല. മമ്മുവും ലാസറും കേളുനായരും എവിടെപ്പോയി? അവരെല്ലാം വലിയ സൂപ്പർമാർക്കറ്റുകളിൽ ലയിച്ച് ഇല്ലാതായി. സൂപ്പർമാർക്കറ്റുകളിൽ കുറഞ്ഞ ഒന്നും നമുക്കു ഷോപ്പിങ്ങിനു പറ്റില്ലല്ലോ? നാളെ ഈ സൂപ്പർമാർക്കറ്റുകൾ വലിയ ഷോപ്പിങ്ങ് മഹലുകളിൽ ലയിച്ചില്ലാതാകും. ക്രമേണ ഈ മഹലുകൾ വൻ ശൃംഖലകൾക്കു കീഴടങ്ങും. ശൂന്യാകാശനിഗൂഢതകളിൽ ഉണ്ടെന്നു പറയപ്പെടുന്ന കറുത്ത ഗുഹ (Black Holes) പോലെ ഒരു പ്രക്രിയയാണു നാം കണ്ടുകൊണ്ടിരിക്കുന്നത്. ഊർജവും വസ്തുവുമടക്കം എല്ലാം വലിയ ആകർഷണശക്തികേന്ദ്രങ്ങളിലേക്ക് ആവാഹിക്കപ്പെട്ട് ഇല്ലാതാവുന്ന അവിശ്വസനീയവും ഭീകരവുമായ വ്യവസ്ഥ.

കാർഷികവിളകൾ മാത്രമല്ല, വീണ്ടും എഴുന്നേറ്റും ഈ മണ്ണിൽ പിച്ച വെച്ചു നടന്ന ഉല്പന്നങ്ങൾ അവിശ്വസനീയ വേഗത്തിൽ അപ്രത്യക്ഷമാകുന്നു. അംബാസഡർ കാറുകളും ബി. പി.എൽ ഇലക്ട്രോണിക് ഉല്പന്നങ്ങളും ഉദാഹരണം. ഈ പോക്കുപോയാൽ ഇവിടെ നമ്മുടേതായി എന്തെങ്കിലുമുണ്ടാകുമോ?

എവിടെയാണു നമുക്കു പിഴച്ചത്? മാറ്റങ്ങൾ വേണം. പക്ഷേ

സമയബന്ധിതമായിരിക്കണം. 50 കൊല്ലം ശീലിച്ച വഴിവിട്ട് ഒരു ജനതയെ തിരിച്ചുവിടുമ്പോൾ, മാറ്റങ്ങളെ അതിജീവിക്കാൻ പ്രാപ്തമാക്കിയിരിക്കണം. അംബാസഡറിനെ ഹോണ്ടയുമായി മത്സരിക്കാൻ വിട്ടാൽ ഫലം പ്രവചിക്കാവുന്നതേയുള്ളൂ. നിയന്ത്രണങ്ങളെല്ലാം വേണ്ടെന്നുവെച്ച് ഇന്ത്യൻ വ്യവസായിയെ പരസ്പരം മത്സരിക്കാൻ ഒരവസരം കൊടുത്തിരുന്നെങ്കിൽ, നമ്മുടെ ചില ഉല്പന്നങ്ങളെങ്കിലും ആഗോളവിപണിയിൽ അതുല്യമായി നിലനിന്നേനെ.

മലയാളിക്ക് സുലഭമായി കിട്ടുന്നതെന്താണ്? വെള്ളം. നമുക്കഭിമാനിക്കാൻ നദികളേറേ. നമ്മുടെ കുളങ്ങളിൽ. കിണറുകളിൽ, ജീവജലത്തിന്റെ നിറവ്. ഉണ്ടില്ലെങ്കിലും നാം രണ്ടുനേരം കുളിക്കും. ദാഹജലത്തിനായി അധികം മലയാളികൾ ഉഴറേണ്ടിവന്നിട്ടില്ല.

ഇന്നു നാം നമ്മുടെ വെള്ളം കുടിക്കാറില്ല. അടുക്കളകിണറുകളിലെ ദൈവിക ഉറവകളെ നമുക്കു വിശ്വാസമില്ല. നമുക്കു കുടിക്കാൻ 'മിനറൽ വാട്ടർ' വേണം. വഴിയോരങ്ങളിൽ നിങ്ങൾക്കു വെള്ളം വാങ്ങാം. കുടിവെള്ളം വില്ക്കാൻ നാട്ടുകാരായ സംരംഭകർ തന്നെയാണു മുന്നിട്ടിറങ്ങിയത്. പട്ടണങ്ങൾതോറും ചെറിയ ഫാക്ടറികളിൽ നിന്നു പെറ്റ് ബോട്ടിലുകളിൽ നിറച്ചു വില്പനയാരംഭിച്ചു. പതുക്കെ മിനറൽ വാട്ടർ സ്വഭാവം ജനതയെ ആവാഹിച്ചു. പതുക്കെ വരവായി പാനീയരംഗത്തെ അന്താരാഷ്ട്ര പ്രഭുക്കന്മാർ. അത്യാധുനിക വിപണന തന്ത്രങ്ങളിലൂടെ അവർ മാർക്കറ്റ് കീഴടക്കി. നാടൻ സംരംഭകർ അപ്രത്യക്ഷരായി. ഇന്നു മലയാളി കുടിച്ചുകൊണ്ടിരിക്കുന്ന വെള്ളം അമേരിക്കൻ കമ്പനികളുടേതാണ്. വില ഒരു ലിറ്ററിന് 15 രൂപ. പാവം സായിപ്പ് കുടിവെള്ളം വിറ്റു ജീവിക്കുന്നു!

കേരകർഷകർ കഷ്ടത്തിലാണെന്നു പറയുന്നു. ഓരോ മലയാളിയും ഓരോ ഇളനീർ കഴിച്ചാൽ എണ്ണയ്ക്കു വേണ്ടി മാറ്റിവെയ്ക്കുന്ന നാളികേരത്തിൽ ഒരു വലിയ ശതമാനം കുറയും. ന്യായമായ വില നാളികേരത്തിനു ലഭിക്കും. ഇളനീർ കുടിക്കുന്ന ജനതക്ക് ഊർജവും ആരോഗ്യവും കൂടും. കടൽ കടക്കുന്ന നമ്മുടെ ധനം ഇവിടെത്തന്നെ ചിലവഴിക്കപ്പെടുകയും ചെയ്യും.

നമ്മുടെ പ്രശ്നങ്ങൾക്കു നമ്മുടെ തന്നെ പരിഹാരങ്ങൾ. അമേരിക്കക്കാരനുണ്ടായാൽ നമുക്കു വയറു നിറയില്ലല്ലോ?

# ആർ. കെ. നാരായണന്റെ മഹാത്മാഗാന്ധി

**പി. ശ്രീധരൻ**

**ആ**ർ.കെ. നാരായണൻ മരിച്ചിട്ട് ഈ ജൂലായ് പതിമൂന്നിന് രണ്ടു വർഷം തികയുന്നു. ആംഗലത്തിൽ നോവലുകളെഴുതിയ ഇന്ത്യക്കാരിൽ വിശ്വവിശ്രുതനായ അദ്ദേഹത്തിനു നമ്മുടെ പത്രങ്ങൾ നല്കിയ ചരമാനന്തര ശുശ്രൂഷ' വേണ്ടപോലായോ എന്നു സംശയമുണ്ട്. ഇംഗ്ലീഷ് ദിനപത്രങ്ങളും മാസികകളും കുറെയൊക്കെ എഴുതുകയുണ്ടായി. മലയാളമാധ്യമങ്ങൾ അക്കാര്യത്തിൽ വളരെ പിന്നിലായിരുന്നു. എന്നാലും എല്ലാവരും അദ്ദേഹത്തെ അനുസ്മരിച്ചു എന്ന നേരു ബാക്കിനിൽക്കുന്നു.

ഒ.വി. വിജയന്റെ സങ്കല്പഗ്രാമമായ ഖസാക്ക് ജനിക്കുന്നതിനും പന്തീരാണ്ടുകൾക്കുമുമ്പു മാൽഗുഡിയെന്ന ചെറുപട്ടണത്തെ സൃഷ്ടിച്ച നാരായണനാണു മിക്കവരുടെയും നാവിൻതുമ്പിലും വിരൽതുമ്പിലും നിറഞ്ഞുനിന്നത്. പ്രശസ്ത വയലിനിസ്റ്റായ ലാൽഗുഡി ജയരാമന്റെ ജന്മഭൂമിപോലെ ഒരു സത്യസ്ഥലിയായിട്ടേ മാൽഗുഡിയും പലർക്കും തോന്നിയുള്ളു. പിന്നീടാണ് 'ഗൈഡും' 'സ്വാമിയും സുഹൃത്തുക്കളും' മറ്റു കൃതികളും വായനക്കാരുടെ ശ്രദ്ധയിലെത്തുന്നത്. നാരായണനെ അനുസ്മരിച്ചവരാരും പറയാതെ പോയ നാരായണന്റെ ഗാന്ധിജിയെക്കുറിച്ചുള്ള ഒരു നോവലാണ് ലേഖകനെ ആകർഷിച്ചത്. ഇംഗ്ലീഷ് സാഹിത്യത്തിലെന്നല്ല ഭാരതീയ സാഹിത്യത്തിൽതന്നെ ഗാന്ധിജി നായക കഥാപാത്രമായി പ്രത്യക്ഷപ്പെടുന്ന ആദ്യനോവൽ. ഒരുപക്ഷേ അവസാനത്തേതും – 'വെയ്റ്റിങ്ങ് ഫോർ ദ മഹാത്മാ . (അവസാനത്തേത് എന്നു പറഞ്ഞുകൂടാ. പരേതനായ പുഴങ്കര ബാലനാരായണൻ അങ്ങനെയൊരു സാഹസം മലയാളത്തിൽ ചെയ്തിട്ടുണ്ട്. നോവലിന്റെ പേര് 'അർദ്ധനഗ്നർ . ഗാന്ധിജിയാണതിൽ ഒളിഞ്ഞും തെളിഞ്ഞും നിറഞ്ഞുനില്ക്കുന്നത്. ഈ ഗ്രന്ഥത്തിന് നാലപ്പാടൻ അവാർഡു കിട്ടിയിട്ടുണ്ട്. ഇ. വാസുവിന്റെ ഒരു ചെറുകഥയും സഖറിയയുടെ ഗോഡ്സേയെകുറിച്ചുള്ള വലിയൊരു ചെറുകഥയിലും ഗാന്ധിജിയുണ്ടല്ലോ).

പ്യാരിലാലും ടെന്റുൽക്കറും ലൂയിഫിഷറും വേദ് മേത്തയും മറ്റനവധിപേരും അനേകായിരം പേജുകളിൽ എഴുതിയിട്ടും ഈ ലേഖകന് കണ്ടെത്താൻ കഴിയാതെപോയൊരു ഗാന്ധി നാരായണന്റെ നോവലിലുണ്ട്. ആറ്റൻ ബറോവിന്റെ ഐതിഹാസികമായ ചലച്ചിത്രം, ഗാന്ധി, പ്രത്യക്ഷപ്പെടുക നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലല്ലേ? ഇന്ത്യയിൽ മാത്രമല്ല ഇംഗ്ലണ്ടിലും അമേരിക്കയിലും മറ്റു പല രാജ്യങ്ങളിലും നാരായണന്റെ നോവലുകൾ വായിക്കപ്പെടുന്നുണ്ട്. ചില വിദേശ സർവ്വകലാശാലകളിൽ നാരായണന്റെ കൃതികൾ പാഠ്യപുസ്തകങ്ങളാക്കിയിട്ടുണ്ട്. എന്നിട്ടും വിശ്വോത്തര ബഹുമതികളൊന്നും നാരായണനെ തേടി എത്തിയില്ല. ഇംഗ്ലീഷിലെഴുതുന്ന, ഇന്ത്യക്കാരായ വിദേശ കുടിപാർപ്പുകാരായ നൈപാളിനും സൽമൻ റഷ്ദിക്കും, എന്തിനു നമ്മുടെ അയ്മനംകാരിയായ അരുന്ധതിക്കുപോലും ലഭിച്ച ബുക്കറൊന്നുംനാരായണനെ അനുഗ്രഹിച്ചിട്ടില്ല. ആർ.കെ.യുടെ രചനകളിൽ

ഗ്രാമർമിസ്റ്റേക്ക്' പോലും ചിലർ കണ്ടെത്തിയിട്ടുണ്ട്. ഇംഗ്ലീഷിലെ മുട്ടത്തു വർക്കിയായിപ്പോലും നമ്മുടെ ചിലബുദ്ധിജീവികൾ അദ്ദേഹത്തെ താഴ്ത്തികെട്ടിയിട്ടുണ്ട്. എന്തായാലും നൈപാളിനു നോബൽ ബഹുമതി കിട്ടുന്നതു കാണാനുള്ള  ഭാഗ്യം' നാരായണനുണ്ടായില്ല.

കാൽനൂറ്റാണ്ടുമുമ്പാണു ഈ ലേഖകൻ നാരായണന്റെ 'Waiting for the Mahatma' വായിച്ചത്. ആ പേപ്പർബാക്കിന്റെ വില നാലു രൂപ അമ്പതു പൈസ. ഗാന്ധിജിയുടേതെന്നപോലെ, അദ്ദേഹത്തിന്റെ സന്തതസഹചാരികളായിരുന്ന ഒരു യുവാവിന്റെയും യുവതിയുടെയും കഥയാണത്. യുവതിയുടെ പേർ ഓർമ്മയിലുണ്ട്- ഭാരതി. എത്ര ആലോചിച്ചിട്ടും യുവാവിന്റെ പേർ മനസ്സിൽ തെളിയുന്നില്ല. പുസ്തകം കൈമോശം വന്നിട്ടും വർഷങ്ങളായി. അന്വേഷിപ്പിൻ കണ്ടെത്തുമെന്ന യേശുവചനം വ്യർത്ഥമായി. ഒരിടത്തും കണ്ടെത്താനായില്ല. കണ്ടെത്തുന്നതുവരെ അന്വേഷിക്കണമെന്നായിരിക്കും യേശുവചനത്തിന്റെ പൊരുൾ.

നോവലിലെ യുവതീയുവാക്കൾ പ്രേമബദ്ധരാണ്. ഗാന്ധിജിയുടെ നിഴലുകൾപോലെ സഞ്ചരിച്ച അവർ വിവാഹം കഴിക്കാൻ നിശ്ചയിച്ചുറച്ചവരാണ്. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയതിനുശേഷമേ പാണിഗ്രഹണം വേണ്ടൂ എന്നായിരുന്നു തീർപ്പ്. ഗാന്ധിജിയായിരിക്കണം വരണമാല്യങ്ങൾ എടുത്തുനല്കുന്നത്. സ്വാതന്ത്ര്യം കിട്ടി നാലഞ്ചുമാസം അതിന്റെ കണ്ണീരിൽ കുതിർന്ന  ഉത്സാഹത്തിമിർപ്പിലായിരുന്നു; വിഭജനത്തിന്റെ മുറിവുണങ്ങാത്ത വേദനയും. 1948 പിറന്നു. ജനവരി മുപ്പതു സായാഹ്നത്തിൽ കേട്ട വാർത്ത ഗാന്ധിജി വെടിയേറ്റു മരിച്ചു എന്നാണ്. കേട്ടതാണോ? അതോ അവർ മഹാത്മാവിന്റെ കൂടെത്തന്നെ ഉണ്ടായിരുന്നോ? ഇതോടെ നോവൽ അവസാനിച്ചു എന്നാണോർമ്മ.

നോവലിൽ നാരായണൻ വരഞ്ഞിട്ട അനേകം ചിത്രങ്ങളും സംഭവങ്ങളുമുണ്ട്. മനസ്സിലിപ്പോഴും കല്ലിൽ കൊത്തിയിട്ടപോലെ കിടക്കുന്നൊരു ഗാന്ധിചിത്രമുണ്ട്. കൃത്യമായ വാചകങ്ങളും വിവരണങ്ങളും കൂട്ടിനില്ല. എങ്കിലും പുസ്തകത്തിന്റെ കൂട്ടില്ലാതെ, നാരായണൻ മനസ്സിൽ പതിച്ചിട്ട ഗാന്ധിയെ ഇവിടെ അവതരിപ്പിക്കട്ടെ.

ദക്ഷിണേന്ത്യയിലെ ഏതോ മഹാനഗരം. മധുരയാണോ? ആയിരിക്കണം. മഹാത്മാവിന്റെ സന്ദർശനവേള. കുബേരനും ഉദാരമതിയുമായ മുനിസിപ്പൽ ചെയർമാൻ ഗാന്ധിജിക്കു സ്വീകരണമൊരുക്കുന്നു. പട്ടുപരവതാനി വിരിച്ച, പുഷ്പാലംകൃതമായ പന്തൽ. തുമ്പപ്പൂപോലെ വെളുത്ത ഖദറിൽ പൊതിഞ്ഞ സൗന്ദര്യധാമങ്ങൾ. ഏതോ രാജകുമാരനുള്ള വരവേല്പിന്റെ വിലസുന്ന സംവിധാനങ്ങൾ.

ചെയർമാന്റെ കൊട്ടാരതുല്യമായ വസതിയിലാകെ വസന്തം വിരിഞ്ഞുനിൽക്കുന്നു. അതാ ഒരു മോട്ടോർകാറിൽ മഹാത്മജി വന്നിറങ്ങി. എന്തുവേണം, എങ്ങനെ വേണം എന്ന നിശ്ചയമില്ലാതെ പരിഭ്രാന്തനായ ചെയർമാൻ അദ്ദേഹത്തിന്റെ കാല്ക്കൽ വീഴുന്നു. തന്റെ വിശാലമായ തോട്ടത്തിൽ ഉണ്ടായതെന്ന് അറിയിച്ചുകൊണ്ട് ഒരു കുട്ടയിൽനിന്ന് ഓറഞ്ചെടുത്ത് മഹാത്മാവിനു നൽകുന്നു. അദ്ദേഹമതിൽനിന്ന് ഒരു അല്ലിയെങ്കിലും എടുത്തോ?

ജനക്കൂട്ടത്തിനിടയിലെ കുട്ടികൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുന്നു. അവർക്കു കുട്ടയിൽനിന്നുമെടുത്ത ഓറഞ്ചുകൾ വിതരണം ചെയ്യുന്നു. കൊട്ടക്കണക്കിനുള്ള ഓറഞ്ച് തീർന്നുകൊണ്ടേയിരിക്കുന്നു. ഗാന്ധിജി കൊട്ടാരത്തിനകത്തേക്കു കടക്കുന്നില്ല. തന്റെ മായാമാളികയുടെ ഉള്ളിൽ കൊണ്ടുപോയി അവിടത്തെ അലങ്കാരവൈചിത്ര്യങ്ങൾ മഹാത്മാവിനെ കാണിക്കാനുള്ള ചെയർമാന്റെ വെമ്പൽ.

അതിനിടക്ക് ആ പുരുഷാരപ്പെരുംകാടിനറ്റത്ത് കറുത്തിരുണ്ട, മേലാകെ ചളിപുരണ്ട, ചെമ്പിച്ച തലമുടിയുള്ള ഒരു കൊച്ചുപയ്യൻ മഹാത്മാവിന്റെ ദൃഷ്ടിയിൽപെടുന്നു. അവന്റെ അരികിലേക്ക് അദ്ദേഹം നടന്നടുക്കുന്നു. അവന്റെ കൈകളിൽ പിടിക്കുന്നു. അവനെ തഴുകി തലോടിക്കൊണ്ട് മഹാത്മജി വീണ്ടും സ്വീകരണപ്പന്തലിന്റെ പൂമുഖത്തേക്കു തിരിച്ചുവരുന്നു.

കുട്ടീ, നീയാരാണ്? നിന്റെ അച്ഛനാരാണ്? എങ്ങനെ ഇവിടെയെത്തി?  അച്ഛൻ നഗരത്തിലെ ഒരു തോട്ടിയാണ്. അച്ഛനെ പണിയിൽ സഹായിക്കാൻ വന്നു. ഇതു പതിവാണ്. പണികഴിഞ്ഞ് അച്ഛൻ തിരിച്ചുപോകുമ്പോൾ കൂടെപ്പോകും. പതിവില്ലാത്തൊരു ജനക്കൂട്ടം കണ്ടപ്പോൾ എത്തിനോക്കിയതാണ്. അവനെ ആരും തടഞ്ഞില്ല.

അമ്പരപ്പും ആഹ്ലാദവും അവന്റെ മിഴികളിൽ മിന്നിമറയുന്നത് മഹാത്മാവ് കണ്ടു. വീണ്ടും ഗാന്ധിജി അവനു ഓറഞ്ചു നല്കി. വൃത്തികെട്ട, അസ്പൃശ്യനായ ആ കുട്ടിയെ പുണർന്നുനില്ക്കുന്ന ഗാന്ധിജി ചെയർമാനേയും പരിവാരങ്ങളെയും അസ്വസ്ഥരാക്കി. അവന്റെ വീട്? അങ്ങകലെ നദിക്കു മറുകരയിലാണ്. നഗരത്തിന്റെ മാലിന്യങ്ങൾ കോരിവിഴുങ്ങി വൃത്തിയാക്കുന്നവരുടെ സങ്കേതം. ഗാന്ധിജി പറഞ്ഞു: ഞാനും നിന്റെ വീട്ടിലേക്കു വരുന്നു. എനിക്കും അവിടമൊന്നു കാണണം. എന്ത്? ചെയർമാൻ വിളറുകയാണ്. 'അങ്ങ് ഈ വിനീതന്റെ വീടൊന്നു നടന്നു കാണുന്നില്ലേ?  ഓ, എന്തു കാണാനിരിക്കുന്നു. അതീവ മനോഹരമായിരിക്കും. എനിക്കു ആ പയ്യനും കൂട്ടരും താമസിക്കുന്ന ചാളകളാണു കാണേണ്ടത്. വഴിക്കുവെച്ച് ഒരുപക്ഷേ അവന്റെ അച്ഛനേയും കാണാനാകും. താങ്കൾ എന്റെ കൂടെ വരുന്നോ?

ഗത്യന്തരമില്ലാതെ ചെയർമാൻ സമ്മതിക്കുന്നു. അതിനിടയ്ക്ക് കളക്ടർ ഇടപെട്ടു. ചെയർമാന്റെ ചെവിയിലെന്തോ മന്ത്രിക്കുന്നു. രണ്ടു മണിക്കൂറെങ്കിലും മഹാത്മാവിന്റെ യാത്രയൊന്നു താമസിപ്പിച്ചുകൂടെ? അദ്ദേഹം എങ്ങനെയവിടെ കാലുകുത്തും? മുനിസിപ്പൽ ഉദ്യോഗസ്ഥന്മാർ മുന്നേപോയി അവിടെ എന്തെങ്കിലും അറ്റകുറ്റപ്പണികളും അലങ്കാരങ്ങളും നടത്തിയോ? ഓർമ്മ വരുന്നില്ല.

ഗാന്ധിജി ആ പയ്യനേയും വണ്ടിയിലിരുത്തി അവരുടെ സങ്കേതത്തിലെത്തി. നഗരത്തിന്റെ വൃത്തികേടുകൾ അകറ്റുന്നവർ അന്തിയുറങ്ങുന്ന മലിനഭൂമി. അവിടയൊരു വൃത്തികെട്ട കൊച്ചുകുടിലിൽ, ചാണകം മെഴുകിയ ഈറനണിഞ്ഞ തറയിൽ ഗാന്ധിജിയിരുന്നു. ചേരിനിവാസികളുമായി സംസാരിച്ചു. ചർക്ക തിരിച്ചു. നൂലുനൂറ്റു. അവരൊന്നിച്ച് ആഹാരം കഴിച്ചു. കൂടെയുള്ള തന്റെ സെക്രട്ടറിയുമായി ഗൗരവമേറിയ കാര്യങ്ങൾ ചർച്ചചെയ്തു. ചുറ്റും കൂടിയ കൊച്ചുകിടാങ്ങളെ ഉമ്മവെച്ചു. ആ കുടിലിനെ മറ്റൊരു സബർമതിയാക്കിമാറ്റി. ഈ സമയമത്രയും ചെയർമാനും കൂട്ടരും എന്തുചെയ്യുകയായിരുന്നു? ഓർക്കുന്നില്ല.

# മൂന്നു മുക്തകങ്ങൾ

(ഒന്ന്)
ആരേ പറഞ്ഞിതീരാവൂ
താരങ്ങളോ ശാരദിന്ദുവോ
പൂക്കളോ?
തീരും സഖീ തീരു-
മീരാവുതീരണം
തീരാതിരുന്നാൽ പുലരിയുണ്ടാകുമോ?

(രണ്ട്)
ആനപ്പുറത്തിരിക്കുമ്പോൾ
ഉയരംകൂടുമേവനും
സ്വന്തമഞ്ചടിയഞ്ചിഞ്ചും
ആനയ്ക്കുള്ള പന്ത്രണ്ടും

(മൂന്ന്)
കാടുപൂത്തതിൻ മേലൊരുനീല
ക്കാടു പൂത്തതുകണ്ടുവോ?
കോടി നക്ഷത്രപൂംകുരുന്നുകൾ
കൂടിനിൽക്കുന്നു പൂവനം

**പി. ശ്രീധരൻ**

# കൊക്കകോള കമ്പനിക്കെതിരെ ജനകീയപ്രക്ഷോഭം ശക്തമാകുന്നു

**ജാലകം ന്യൂസ് ബ്യൂറോ**

**നാ**ടിനും നാട്ടുകാർക്കും ഭീഷണി ഉയർത്തിക്കൊണ്ടു നിലകൊള്ളുന്ന കൊക്കക്കോള ഫാക്ടറിക്കെതിരെ ചെറുത്തു നില്പു ശക്തമാകുന്നു. പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പ്ലാച്ചിമടയിൽ സ്ഥിതിചെയ്യുന്ന കൊക്കകോള ഫാക്ടറിക്കെതിരെയാണു രൂക്ഷമായ ജനകീയപ്രക്ഷോഭം നടന്നുവരുന്നത്.

ഗൗരവമായ പരിസ്ഥിതി വിതയ്ക്കുന്ന സർവ്വനാശം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട ആയിരത്തോളം കുടുംബങ്ങൾ പൂർണമായും സമരമുഖത്തേക്കിറങ്ങി കഴിഞ്ഞു. നാളുകളായി തുടർന്നു വരുന്ന സമരം ഇന്നു പുതിയ തലങ്ങളിലേക്കു മാറിയിരിക്കുകയാണ്. ഇതുവരെ തുടർന്നുവന്നിരുന്ന ഉപരോധസമരം എന്നതിൽനിന്നും പ്രത്യക്ഷസമരമാർഗങ്ങളിലേക്ക് തിരിയാൻ നിർബന്ധിക്കപ്പെട്ടിരിക്കുകയാണ് നാട്ടുകാർ. ആദിവാസി സംരക്ഷണ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച സമരം ഇന്നു കൊക്കക്കോള വിരുദ്ധ ജനകീയ സമരസമിതിയുടെ നേതൃത്വത്തിലേക്കു മാറ്റിയിട്ടുണ്ട്. സമരസഹായസമിതിയും രൂപീകരിച്ചിട്ടുണ്ട്. പ്രശസ്തസ്വാതന്ത്ര്യസമരസേനാനി പി. നാരായണൻകുട്ടി സമരം ഉദ്ഘാടനം ചെയ്തു. ആദിവാസി നേതാവ് സി.കെ. ജാനുവും പങ്കെടുത്തു.

പ്ലാച്ചിമടയിൽ 38 ഏക്ര സ്ഥലത്ത് നിലനിൽക്കുന്ന ഫാക്ടറി, 1998 -99 കാലഘട്ടത്തിലാണു പ്രവർത്തനം ആരംഭിച്ചത്. തൊഴിൽ വാഗ്ദാനം ചെയ്തും കുടിവെള്ളവിതരണം ഉറപ്പുനൽകിയും പ്രാദേശിക പിന്തുണ കമ്പനി തന്ത്രപൂർവം നേടിയെടുത്തു. ഫാക്ടറി കോമ്പൗണ്ടിനുള്ളിൽ 300 മുതൽ 600 അടിവരെ ആഴത്തിലുള്ള അറുപതോളം കിണറുകളും 4 സെന്റു വിസ്തീർണമുള്ള രണ്ടു കൊക്കർണികളും കുഴിച്ചിട്ടുണ്ട്. ഇതോടൊപ്പം സമീപത്തുള്ള ജലസ്രോതസ്സുകളിൽനിന്നും പ്രതിദിനം ഏതാണ്ട് 15 ലക്ഷം ലിറ്റർ വെള്ളവും കോള കമ്പനി ചൂഷണംചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

കമ്പനിയുടെ വരവോടു കൂടി സമീപപ്രദേശങ്ങളിലെ വൻജലശേഖരണകേന്ദ്രങ്ങളായ കമ്പാലത്തറ, വെങ്കലക്കയം, മീങ്കര ഡാം എന്നിവിടങ്ങളിലെ ജലനിരപ്പ് ക്രമാതീതമായി കുറയാൻ തുടങ്ങി. മാത്രമല്ല, ഭൂഗർഭജലനിരപ്പ് കുറയുകയും കിണറുകളിലെ ജലം ഉപ്പുവെള്ളമാവുകയും ചെയ്തു. തുടർന്നു വെള്ളത്തിന് കടുത്ത സ്വാദ് അനുഭവപ്പെടാൻ തുടങ്ങി. വെള്ളം ചൂടാക്കുമ്പോൾ അവക്ഷിപ്തം രൂപപ്പെടുകയും കുലുക്കി യോജിപ്പിക്കുമ്പോൾ കഞ്ഞിവെള്ളം ആകുകയും ചെയ്യുന്നു. ഇവിടെയുള്ള വെള്ളത്തിൽ അരി, പരിപ്പ് എന്നിവ വേവുന്നില്ല. പാകംചെയ്ത ചോറാകട്ടെ 6 മണിക്കൂറിനകം ഉപയോഗശൂന്യമാകുന്നു.

ഫാക്ടറിയിൽനിന്നുള്ള മലിനജലം മീങ്കര ഡാമിന്റെയും മീനാക്ഷിപുരത്തിന്റെയും വിജനമായ പരിസരങ്ങളിലും ഖരമാലിന്യങ്ങൾ വയലുകളിലും നിക്ഷേപിക്കുകയായിരുന്നു കമ്പനി ചെയ്തിരുന്നത്. വളമാണെന്നു തെറ്റിദ്ധരിപ്പിച്ചു തട്ടിയിടുന്ന ഈ മാലിന്യങ്ങൾ മഴവെള്ളത്തിൽ ലയിച്ചു കിണറുകളിലേക്ക് അരിച്ചിറങ്ങുന്നു.

ആയിരത്തോളം കുടുംബങ്ങളെ ഈ കൊക്കൊകോള കമ്പനി ദ്രോഹപരമായി ബാധിക്കുന്നുണ്ട്. ഫാക്ടറിക്കു സമീപം ഒരു കി.മി. ചുറ്റളവിൽ രൂക്ഷമായ ദുർഗന്ധമാണുള്ളത്. സമീപപ്രദേശങ്ങളിലെ അറുനൂറിലധികം ഏക്ര കൃഷിഭൂമി ഉപയോഗശൂന്യമായതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. 24 മണിക്കൂറും പമ്പുസെറ്റു പ്രവർത്തിച്ച് വെള്ളമെടുത്തിരുന്ന കർഷകർക്ക് ഫാക്ടറി വന്നതിനുശേഷം നാലു മണിക്കൂർ പോലും പ്രവർത്തിപ്പിക്കാനാവുന്നില്ല. പെരുമാട്ടി പഞ്ചായത്തിലെ പ്ലാച്ചിമട കോളനി, വിജയനഗരം, വേലൂർ, മാധവൻ നായർ കോളനി എന്നിവിടങ്ങളിലും പട്ടുഞ്ചേരി പഞ്ചായത്തിലെ രാജീവ് നഗർ തൊട്ടിയ്യിപനി കോളനികളിലേയും ജനജീവിതത്തെയാണു ഫാക്ടറി കൂടുതൽ ബാധിച്ചിരിക്കുന്നത്.

ഈ പശ്ചാത്തലത്തിലാണ് ഉപരോധസമരവുമായി നാട്ടുകാർ രംഗത്തെത്തിയത്. തൊഴിലാളികളെ തടഞ്ഞുകൊണ്ടുള്ള സമരം അല്പം സംഘർഷങ്ങൾക്ക് ഇടയാക്കുകയും ചെയ്തു. എന്നാൽ സമാധാനപരമായ സമരമാർഗം സ്വീകരിച്ച നാട്ടുകാർ തൊഴിലാളികളെ കടത്തിവിടാൻ തയ്യാറായി, ഫാക്ടറിക്കുമുന്നിൽ കുടികെട്ടി സഹനസമരം തുടർന്നുവരികയാണിപ്പോൾ, വീടുവീടാന്തരം കയറിയിറങ്ങി നോട്ടീസ് വിതരണം, ബഹുരാഷ്ട്ര കമ്പനികളുടെ പരസ്യം ടാറടിക്കൽ തുടങ്ങിയ പ്രക്ഷോഭമാർഗങ്ങളുമായി സമരം മുന്നേറിക്കൊണ്ടിരിക്കുകയാണ്.

ജനകീയ സമരം ശക്തമാകുമ്പോഴും അതിനെതിരെ മുഖം തിരിക്കുന്ന നിഷേധാത്മക നിലപാടാണു രാഷ്ട്രീയകക്ഷികളും മാധ്യമങ്ങളും സ്വീകരിക്കുന്നത്. ആഗോളവൽക്കരണത്തിനെതിരെ പടപ്പുറപ്പാട് നടത്തുന്നവർപോലും കൊക്കൊകോള എന്ന ബഹുരാഷ്ട്ര കുത്തകയ്ക്കുമുന്നിൽ ഓച്ഛാനിച്ചു നിൽക്കുന്നു. അണികൾക്കു തൊഴിൽ ലഭിക്കുന്നു എന്ന ന്യായത്തിന്മേൽ കമ്പനിയെ പിന്തുണക്കുന്ന നിലപാടാണ് പല കക്ഷികളുടേതും.

ഈ പിന്തുണ ആർജ്ജിച്ചെടുക്കാൻ പരിസരവാസികളായ ഒട്ടേറെപ്പേരെ കമ്പനിതൊഴിലാളികളായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മൂന്നുമാസം തുടർച്ചയായി കമ്പനിയിൽ തൊഴിലെടുക്കുന്നവർക്കു ശരീരത്തിൽ ചൊറിച്ചിലും വ്രണങ്ങളും മറ്റ് അസ്വാസ്ഥ്യങ്ങളും ഉണ്ടാകുന്നു എന്നതുപോലും മറച്ചുവെക്കപ്പെടുകയാണ്. മാധ്യമങ്ങളാകട്ടെ കേവലം ഒരു പ്രാദേശികപ്രശ്നമായി ഇതിനെ വ്യാഖ്യാനിക്കുന്നു. എന്നാൽ വിരുന്നു സൽക്കാരങ്ങളും ഫ്രിഡ്ജ് ഉൾപ്പെടെയുള്ള സമ്മാനങ്ങളും നൽകി കൊക്കൊകോള കമ്പനി മാധ്യമങ്ങളെ അനുനയിപ്പിച്ചിരിക്കുകയാണ് എന്നാണു പിന്നാമ്പുറ സംസാരം.

അതിനിടെ തമിഴ്നാട്ടിലെ ആനമലയിലേക്ക് ഫാക്ടറി മാറ്റി സ്ഥാപിക്കുവാനുള്ള നീക്കങ്ങൾ നടന്നുവരികയാണ്. ഇതിനായി 40 ഏക്ര സ്ഥലത്തു കെട്ടിടനിർമ്മാണം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

**സാംസ്കാരിക രംഗത്ത് തിളക്കമുള്ള രണ്ടു താരങ്ങളുടെ വ്യക്തിബന്ധങ്ങളിലെ ശൈഥില്യമാണ് ഇവിടെ പ്രസക്തമായ വസ്തുത.**

# ബൗദ്ധിക കലാപമോ? അല്ല, വ്യക്തി ജീവിത ജീർണ്ണത!

**കെ. ബാലചന്ദ്രൻ**

**മ**ലയാളത്തിന്റെ പ്രിയ കഥാകാരൻ സാക്ഷാൽ എം.ടി. വാസുദേവൻ നായരും സാഹിത്യചോരനെന്നോ? എങ്ങിനെ നോക്കിയാലും പുറത്തറിയാൻ ഏറെ വൈകിപ്പോയി എന്നു ഒററ നോട്ടത്തിൽ തോന്നിപ്പോകുന്ന ഈ വാർത്ത വായിച്ച് സാഹിത്യ തൽപ്പരരും സാധാരണ പൊതുജനവും വാപൊളിച്ചിരുന്നുപോയി. പറയുന്നതോ എം.വി. ദേവൻ. ദീർഘകാലമായി എം.ടി. യുടെ സുഹൃത്ത്. എം.ടി.യുടെ സാഹിത്യത്തേക്കുറിച്ച് ചേർത്തും പേർത്തും നല്ല വാക്കുകൾ പറഞ്ഞിട്ടുള്ള സഹൃദയൻ. ആദ്യകാലത്ത് എം.ടി. കഥകൾക്ക് ചിത്രം വരച്ചിട്ടുള്ളയാൾ. എന്തൊക്കെയാണെന്ന് കൃത്യമായി അധികമാളുകൾക്ക് അറിയില്ലെങ്കിലും കേരളത്തിലെ സാംസ്കാരിക രംഗത്തിന് എന്തൊക്കെയോ സംഭാവനകൾ ചെയ്തിട്ടുണ്ടെന്നെങ്കിലും ജനത്തിന് അറിയാവുന്നയാൾ. എം.ടി. യോളമല്ലെങ്കിലും മാധ്യമങ്ങളിൽ ഇടക്കിടെ സ്ഥാനം പിടിക്കാറുള്ളയാൾ. ഗ്രന്ഥകാരനും, ചിന്തകനും, ചിത്രകാരനും എന്നൊക്കെ പത്രങ്ങൾ വിശേഷിപ്പിക്കുക വഴി ജനങ്ങൾക്കറിയാവുന്നയാൾ. ഗ്രന്ഥരചനക്ക് അവാർഡുകളും നേടിയിട്ടുണ്ടെന്ന് മാധ്യമങ്ങളിലൂടെ ജനമറിയുന്നയാൾ. എം.വി. ദേവൻ, തന്റെ പ്രിയ വാസുവിനേക്കുറിച്ച് സ്നേഹ പരിഭവ രൂപേണ മോഷണക്കാര്യം വെളിപ്പെടുത്തുമ്പോൾ ജനങ്ങൾക്കെങ്ങനെ അവിശ്വസിക്കാനാവും?

പണ്ടു പണ്ട് എം.ടി സാഹിത്യത്തിൽ തുടക്കക്കാരനായിരുന്ന കാലത്തെ കഥയാണ് ദേവൻ പറഞ്ഞത്. അക്കാലത്ത് 'ന്യൂയോർക്കർ' തുടങ്ങിയ മറുനാടൻ പ്രസിദ്ധീകരണങ്ങൾ ജനസാമാന്യത്തിനു ലഭ്യമായിരുന്നില്ല. പക്ഷേ, ദേവൻ ഇത്തരം 'ഉയർന്ന പുരിക'ക്കാരായ വിദ്വജ്ജനങ്ങളുടെ പ്രിയപ്രസിദ്ധീകരണങ്ങൾ പതിവായി വാങ്ങി വായിക്കുന്ന കൂടത്തിലായിരുന്നുവത്രേ! ഇങ്ങനെ കിട്ടിയിരുന്ന പ്രസിദ്ധീകരണങ്ങളിലെ കഥകൾ എം.ടി. ചോരണം നടത്തിയിരുന്നുവെന്നാണ് 'ദേവ'സാക്ഷ്യം. മോഷണശ്രമങ്ങളെ നല്ല സുഹൃത്തെന്ന നിലയിൽ താൻ നിരുത്സാഹപ്പെടുത്തിയിരുന്നു എന്നും അപ്പോൾ എം.ടി., 'ഇതൊക്കെ ആര് കാണാനാണ്' എന്നു മറുപടി പറഞ്ഞുവെന്നുമാണ് ദേവന്റെ ആരോപണം.

സംഭവത്തിനുസാക്ഷിയായി ദേവൻ, എം.ടി. യുടെ മറെറാരു സുഹൃത്ത് എൻ.പി. മുഹമ്മദിനേയും ഹാജരാക്കുന്നുണ്ട്. എൻ.പി. യും ഈ ചോരണങ്ങൾ കാണുകയും എതിർക്കുകയും ചെയ്തിരുന്നു പോൽ. എം.ടി. യുടെ ആരോപിത മോഷണത്തിന് മററു തെളിവുകളോ മോഷ്ടിച്ച കഥകളേതെന്ന കാര്യമോ ദേവൻ വെളിപ്പെടുത്തുന്നില്ലെങ്കിലും മോഷണക്കുററം ഗൗരവമായിത്തന്നെയാണ് ദേവൻ ആരോപിച്ചതെന്ന് വ്യക്തം. അതിനുപിന്നിലെ ചേതോവികാരം അത്ര ശുദ്ധമൊന്നും അല്ലെന്നു വിശ്വസിക്കുന്നവർ ഏറെ.

മലയാളികളുടെ മനസ്സിലും ജ്ഞാനപീഠം പുരസ്കാരം നേടിയ സർഗ്ഗപ്രതിഭകളുടെ പട്ടികയിലും മങ്ങാത്ത സ്ഥാനം നേടി തന്റെ സഫല സാഹിത്യ ജീവിതത്തിന്റെ നൂറുമേനി വിളഞ്ഞുകൊണ്ടിരിക്കുന്ന ബഹുമുഖപ്രതിഭയായ എം.ടി. മറുനാട്ടിൽനിന്ന് കള്ളക്കടത്ത് നടത്തി കൊണ്ടുവന്ന ചരക്കു മുടക്കുമുതലാക്കിയാണ് ഈ സാഹിത്യസാമ്രാജ്യം കെട്ടിപ്പെടുത്തതെന്ന്, ആരോപണം വായിക്കുന്ന ഒരാൾ ധരിച്ചുപോയാൽ അയാളെ കുററപ്പെടുത്താനാവില്ല. അതുതന്നെയാവണം ദേവന്റെ ഉദ്ദേശ്യമെന്ന് എം.ടി.യും കരുതുന്നു.

**പരിണതപ്രജ്ഞരെന്ന് സമൂഹം കരുതുന്ന മുതിർന്ന സാഹിത്യകാരന്മാരുടെ വ്യക്തിബന്ധങ്ങളിലെ ജീർണത സമകാലിക കേരളീയ സമൂഹത്തിലാകെ പടരുന്ന ഒരു പ്രവണതയുടെ സൂചകമായി കാണേണ്ടിയിരിക്കുന്നു.**

തുടക്കക്കാരനോ എഴുതിത്തെളിഞ്ഞുവരുന്ന സാഹിത്യകാരൻ പോലുമോ സാഹിത്യമോഷണം നടത്തിയെന്നു കേട്ടാൽ ഞെട്ടിപ്പോകുന്ന ശുദ്ധാത്മാക്കളല്ല മലയാള വായനക്കാർ. 'പാവം ഭാവന ദരിദ്രൻ. അൽപ്പസ്വൽപ്പം മൊഷ്ടിച്ചുപിഴച്ചു പോകട്ടെ' എന്നൊരു സഹാനുഭൂതി കാട്ടാൻ പോലും മതി. അതുകൊണ്ടാണല്ലോ നോബൽ സമ്മാന രചയിതാവിനെത്തന്നെ കൊള്ളയടിച്ചു മുതൽ കൂട്ടാമെന്നു കരുതി ഇറങ്ങിത്തിരിച്ച് പിടിയിലായ പുനത്തിൽ കുഞ്ഞബ്ദുള്ളയെ നാം വെറുതെ വിട്ടത്. 'കന്യാവന'ങ്ങളിൽ മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ഒരു കൃതിയിലെ കുറേ പേജുകൾ പദാനുപദം ചേർത്ത പുനത്തിൽ, കണ്ണടച്ചു പാൽ കുടിക്കുന്ന പൂച്ചയെപ്പോലെ അതാരും കാണില്ലെന്നു കരുതി. പക്ഷേ, മലയാളി വായനക്കാരന് ടാഗോർ ബാലികേറാമലയാണെന്ന പുനത്തിലിന്റെ ധാരണ തകരാനേറെനാൾ വേണ്ടി വന്നില്ല. ടഗോറിന്റെ മലയാള പരിഭാഷയിൽനിന്നാണ് ചോരണമെന്നതുകൊണ്ട് കള്ളി വേഗം വെളിച്ചത്തായി. താൻ കപ്പൽ യാത്ര ചെയ്തിട്ടില്ലാത്തതുകൊണ്ടുണ്ടായ അനുഭവദാരിദ്ര്യം മോഷണത്തിലൂടെ പരിഹരിച്ചതാണെന്ന് ഏററുപറഞ്ഞ് മാപ്പപേക്ഷിച്ച പുനത്തിലിനെ (സാഹിത്യ) 'ശിരച്ഛേദം' ചെയ്യാതെ സാഹിത്യക്കോടതി വെറുതെ വിട്ടു.

'ഗൗതമൻ' എന്ന കൃതിയിൽ ജെ.എം. കൂററ്സേയുടെ ഭാവനഫലങ്ങൾ കട്ടുപറിച്ച് തിരുകിക്കയററിയ വത്സല മറെറാരിക്കൽ പ്രമുഖ സാഹിത്യ രഹസ്യപ്പോലീസായ എം.

കൃഷ്ണൻ നായരുടെ പിടിയിൽപ്പെടുകയായിരുന്നു.

അലൻ പേററന്റെ 'കേഴുക പ്രിയ നാടേ' എന്ന നോവലിന്റെ കഥാഘടനയുടെ എല്ലും മംസവും മജ്ജയുമൊക്കെ മോഷ്ടിച്ചാണ് ഒ.വി. വിജയൻ 'കടൽത്തീരത്ത്' എന്ന വ്യഖ്യാത കഥാശരീരം നിർമ്മിച്ചതെന്ന് കൃഷ്ണൻ നായർ പറഞ്ഞപ്പോൾ വായനക്കാർ തലകുലുക്കിയത് അവിശ്വാസം കൊണ്ടായിരുന്നു. കുററാമ്പേഷണ തൽപ്പരത കാടുകയറുന്നുവോ എന്നായി ജനത്തിനു സംശയം.

പിന്നീട് എൻ.എസ്. മാധവനിൽ സാഹിത്യചോരണം ആരോപിച്ച എം.കൃഷ്ണൻ നായർ കുടുങ്ങുക തന്നെ ചെയ്തു. മാധവന്റെ ഒരു കഥ ഒരു ആഫ്രിക്കൻ കഥയുടെ അനുകരണമാണെന്ന് ആരോപിച്ച നിരൂപകന്, ഇല്ലാത്ത ഒരു എഴുത്തുകാരന്റെ പേരാണ് പറഞ്ഞതെന്ന മാധവന്റെ വെളിപ്പെടുത്തലും കോടതി കയററുമെന്ന ഭീഷണിയും മൂലം ആരോപണത്തിൽ നിന്നും പിൻ വാങ്ങേണ്ടിവന്നു.

'ഒരു സങ്കീർത്തനം പോലെ' എന്ന പെരുമ്പടവത്തിന്റെ അരലക്ഷം പ്രതിയിലേറെ വിററ ജനപ്രിയ നോവൽ ദസ്തയേവ്സ്കി യുടെ കഥയാണ്. ദസ്തയേവ്സ്കിയുടെ പത്നി എഴുതിയ കുറിപ്പുകൾ പകർത്തിയതാണ് ഈ നോവൽ എന്ന് നിരൂപകൻ രാജാകൃഷ്ണനാണ് ആരോപിച്ചത്. പുസ്തകത്തിന് അഭിനന്ദനപൂർവം അവതാരിക എഴുതി നൽകിയതിനു ശേഷമായിരുന്നു ഈ കരണം മറിച്ചിൽ. പെരുമ്പടവം ആരോപണം നിഷേധിച്ചുവെങ്കിലും പൊടിപടലം കെട്ടടങ്ങിക്കഴിഞ്ഞപ്പോൾ ചിത്രം വീണ്ടും അവ്യക്തം.

'പുലിയെ കിലി പിടിച്ചു'വെന്നു പറഞ്ഞതുപോലെ വിമർശനം ജീവിതവൃത്തിയാക്കിയ സുകുമാർ അഴീക്കോടിന്റെ ഉപനിഷത്തു കളേക്കുറിച്ചുള്ള പ്രഖ്യാത പഠനം 'തത്വമസി' പലരുടേയും കൃതികളിലെ ആശയങ്ങൾ പകർത്തിയതാണെന്ന എം.പി. വീരേന്ദ്ര കുമാറിന്റെ ആരോപണം കേരളത്തിൽ കുറച്ചൊന്നുമല്ല കോലാഹല മുണ്ടാക്കിയത്. വീരേന്ദ്രകുമാറിന്റെ കൃതികളിലെ ഉള്ളടക്കത്തെ തള്ളിപ്പറഞ്ഞ സുകുമാർ അഴീക്കോടിനെതിരെയുള്ള വിക്ഷോഭമാണ് 'തത്വമസി'ക്കെതിരെയുള്ള ആരോപണങ്ങളായി പരിണമിച്ചത്.

മലയാളത്തിന്റെ അതുല്യ പ്രതിഭയായ ബഷീറിന്റെ ബാല്യകാല സഖി ന്യൂട്ട് ഹാംസന്റെ 'വിക്ടോറിയ'യുടെ പകർപ്പാണെന്ന ആരോപണം എം. കൃഷ്ണൻ നായർ ദീർഘകാലം മുമ്പുതന്നെ ഉന്നയിച്ചതാണ്. ബഷീർ ഈ ആരോപണങ്ങളിൽ അന്ത്യകാലം വരെ ദുഖിതനായിരുന്നു. എങ്കിലും മോഷണപ്രശ്നം പരിഹാരമാകാതെ തന്നെ നിലനിന്നു.

എം.ടി.ക്കെതിരെ സാഹിത്യ മോഷണക്കുററം മാധ്യമം വാരികയിൽ ഡോ. കെ.വി. തോമസ് എഴുതിയ ഒരു ലേഖനത്തിൽ ഏതാനും മാസങ്ങൾക്കുമുമ്പാണ് ആദ്യം പ്രത്യക്ഷപ്പെട്ടത്. എം.ടി. വാസുദേവൻ നായരുടെ 'മഞ്ഞ്' എന്ന നോവലിനും പ്രശസ്ത ഹിന്ദി സാഹിത്യകാരൻ നിർമൽ വർമയുടെ 'പരിന്ദേ' (പറവകൾ) എന്ന കഥയും തമ്മിൽ 'അത്ഭുതകരമായ സാദൃശ്യം' ചൂണ്ടിക്കാട്ടിക്കൊണ്ടായിരുന്നു ഡോ. തോമസിന്റെ ലേഖനം. ഇതിനെത്തുടർന്നുള്ള ചർച്ചകളാണ് എം.ടി.ക്കു നേരെ സാഹിത്യമോഷണത്തേച്ചൊല്ലി ദേവന്റെ കാടടച്ചുള്ള വെടിവയ്പിനു വഴി തെളിച്ചത്. കമ്പോളവൽക്കരണത്തിന്റെ ഈ കാലത്ത് ഉപഭോക്തൃവസ്തുവായിത്തീർന്ന വർത്തമാന പത്രങ്ങൾക്ക് 'വിവാദം' വിൽപ്പനക്കു സഹായമേകുന്ന ഒരു 'മൂല്യവർധന'യാണ്.

നിസ്സാരവസ്തുതകളിൽ വായു നിറച്ച് വിവാദ ബലൂൺ നിർമാണ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന പ്രചാരമുള്ള പത്രങ്ങൾ എം.ടി. പോലെയുള്ള ഒരു വൻ വിഗ്രഹത്തിനു നേരെയുള്ള ആക്രമണം കണ്ടാൽ ആഹ്ലാദിക്കാതിരിക്കുമോ? വമ്പൻ തലക്കെട്ടുകൾ നിരത്തി വിവാദത്തെ അവർ ഒരു അപവാദമേളയായി അവതരിപ്പിച്ചു. ചെളിവാരിയേറ് നീണ്ടുനിൽക്കുന്നിടത്തോളം (നീട്ടിയെടുക്കാവുന്നിടത്തോളം) വായനക്കാരുടെ താൽപ്പര്യം ഉറപ്പാണല്ലോ.

മാധ്യമ പ്രവർത്തകരുടെ പ്രവർത്തനങ്ങൾക്കും പെട്ടെന്നുതന്നെയുണ്ടായി ഫലം. ഇത്തവണ കളിയല്ല, സംഗതി കാര്യം തന്നെയാണെന്ന് തീരുമാനിച്ച എം.ടി., കോടതിയിലെത്തി, തന്റെ ബഹുമാന്യത തകർക്കാനും ജനമധ്യത്തിൽ പരിഹാസ്യനാക്കാനുമാണ് ഈ വ്യാജ പ്രസ്താവന നടത്തിയതെന്നും 'വാസു' എന്ന് അടുപ്പം കാട്ടുന്ന പേരു വിളിച്ചത് ആരോപണത്തിനു വിശ്വാസ്യത ജനിപ്പിക്കാൻ ആണെന്നുമാരോപിച്ച് കോടതിയിൽ പത്തുലക്ഷം രൂപ നഷ്ട പരിഹാരത്തിന് അദ്ദേഹം കേസ് ഫയൽ ചെയ്തതോടെ മാധ്യമങ്ങൾക്ക് ഹരമായി; എല്ലാവരും ന്യായാന്യായ ചർച്ചയുമായി.

'സാഹിത്യ വിവാദം' എന്ന നിർവചനത്തിൽ ഈ വിവാദത്തെപ്പെടുത്താനാവുമോ എന്നതാണ് എം.വി. ദേവന്റെ ആരോപണത്തേക്കുറിച്ചുയരുന്ന പ്രധാന ചോദ്യം. സാഹിത്യ ലോകത്തിന് മൂല്യവത്തായ എന്തെങ്കിലും സംഭാവന വിവാദത്തിന്റെ ഫലമായി ലഭിക്കുന്നവ മാത്രമേ സാഹിത്യവിവാദമെന്ന സംജ്ഞക്കുള്ളിൽ വരുന്നുള്ളു. ഈ വിവാദത്തിലാർക്കണു നേട്ടം? എം.ടി. യുടെ മോഷണക്കുററം പാടുപെട്ടു തെളിയിച്ചാൽതന്നെ അദ്ദേഹം സൃഷ്ടിച്ച വൈവിധ്യമാർന്ന മാനസിക ലോകത്തെ മായിച്ചു കളയാനാവുമോ? സാഹിത്യ വേദിയിലെ രണ്ടു വേഷക്കാർ സ്വന്തം സ്വകാര്യ വൈരാഗ്യങ്ങൾ പൊതുവേദിയിലലക്കുന്നത് സാഹിത്യ വിവാദമാകുമോ? അതു വെറും സാഹിത്യാപവാദമല്ലേ? ഏതായാലും, സാഹിത്യകാരന്മാരിലും ആസ്വാദകർക്കിടയിലും എം.ടി. ദേവൻ വിവാദം വലിയൊരു ചർച്ചാ വിഷയമായിരിക്കുകയാണ്.

പൊതുവേ വിവാദങ്ങളിൽ പങ്കെടുക്കാൻ വിമുഖനും പൊതുജന ശ്രദ്ധയിൽനിന്നകന്ന് തന്റെ സാഹിത്യ ജീവിതത്തിലെ സ്വകാര്യത കാത്തു സൂക്ഷിക്കുന്നയാളുമായതു കൊണ്ടാവാം, സാഹിത്യ മണ്ഡലത്തിലെ ബഹുഭൂരിപക്ഷവും എം.ടി. യുടെ പക്ഷത്ത് അണി നിരന്നിരിക്കുകയാണ്.

ജർമ്മനിയിൽ നടന്ന ഗുണ്ടർട്ട് ജന്മവാർഷീക ആഘോഷത്തിൽ പങ്കെടുക്കാൻ പോകും മുമ്പുതന്നെ കോടതി നടപടികളേക്കുറിച്ചറിഞ്ഞ എം.വി. ദേവനാകട്ടെ നഷ്ടപരിഹാരത്തേക്കുറിച്ച് സമ്മാനത്തുകയായി കിട്ടുന്ന പണം താൻ നൽകാമെന്നും ബാക്കി തുക മററാരെങ്കിലും നൽകണമെന്നുമാണ് പ്രതികരിച്ചത്. ദേവൻ വെറുമൊരു കോലാഹലസൃഷ്ടിയാണുദ്ദേശിച്ചതെന്നും വ്യക്തം.

അപഹരിച്ച വസ്തുവിന് പുതുജീവൻ നൽകാൻ എഴുത്തുകാരന് കഴിഞ്ഞാൽ അത് ഉത്തമ സാഹിത്യമാണെന്ന അനന്ദ വർധനന്റെ സിദ്ധാന്തമാണ് താൻ വിശ്വസിക്കുന്നതെന്ന് വിവാദത്തിലിടപ്പെട്ട് സുകുമാർ അഴീക്കോട് പറയുന്നു. പക്ഷേ, സാഹിത്യത്തിലെ മോഷണത്തേക്കുറിച്ച് കോടതി അഭിപ്രായം പറയുന്നത് ഇത്തരം സൂക്ഷ്മാംശങ്ങളേക്കുറിച്ച് അറിയില്ലാത്ത അഭിഭാഷകരുടെ അഭിപ്രായങ്ങളാസ്പദമാക്കിയാണ്. അതുകൊണ്ട് ഈ കേസ് കോടതിയിൽ എത്തിച്ച നടപടി അവിവേകമായിപ്പോയെന്നും അദ്ദേഹം പറയുന്നു.

ജന്മനാ, ഭാവനാസമ്പന്നനും എഴുതുന്നതിലെല്ലാം മൗലിക പ്രതിഭ പ്രകടിപ്പിക്കുന്ന രചയിതാവുമായ എം.ടി. യെ നിന്ദിച്ചത് തെററാണെന്ന് എം. കൃഷ്ണൻ നായർ പറയുമ്പോൾ, ദേവന്റെ വാക്കുകളെ അവഗണിച്ചുതള്ളുന്നതായിരുന്നില്ലേ നല്ലതെന്ന് മാധവിക്കുട്ടി ചോദിക്കുന്നു.

എം.ടി. യുടെ സാഹിത്യത്തേക്കാളേറെ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലുള്ള കടന്നാക്രമണമായാണ് സക്കറിയ ഉൾപ്പടെയുള്ള ബഹുഭൂരിപക്ഷം സാഹിത്യകാരന്മാരും ഈ ആരോപണത്തെ കരുതുന്നത്. അതുകൊണ്ടുതന്നെ എം.ടി. കോടതിയിൽ പരാതിയുമായെത്തിയതിനെ അവർ പിൻതാങ്ങുന്നു.

സാംസ്കാരിക രംഗത്ത് തിളക്കമുള്ള ഈ രണ്ടു താരങ്ങളുടെ വ്യക്തിബന്ധങ്ങളിലെ ശൈഥില്യമാണ് ഇവിടെ പ്രസക്തമായ വസ്തുത. പരിണതപ്രജ്ഞരെന്ന് സമൂഹം കരുതുന്ന ഈ മുതിർന്ന സാഹിത്യകാരന്മാരുടെ വ്യക്തിബന്ധങ്ങളിലെ ജീർണത സമകാലിക കേരളീയ സമൂഹത്തിലാകെ പടരുന്ന ഒരു പ്രവണതയുടെ സൂചകമായി കാണേണ്ടിയിരിക്കുന്നു.

# ഫൊക്കാന കൺവൻഷൻ 2002

**സുഗുണൻ ഞെക്കാട്**

**ച**രിത്രം ഉറങ്ങുന്ന ചിക്കാഗോ നഗരത്തിൽ, സ്വാമി വിവേകാനന്ദൻ ഒരു നൂററാണ്ടിനു മുമ്പ് നടത്തിയ പ്രഭാഷണത്തിന്റെ അലകളിൽ പുളകം കൊള്ളുന്ന ചിക്കാഗോ നദിയുടെ ഓരം പററി നിൽക്കുന്ന ഷെരാട്ടണിൽ പത്താമത് ഫൊക്കാന കൺവൻഷൻ അരങ്ങേറി. ഫൊക്കാന, ചിക്കാഗോക്ക് വിവേകാനന്ദ നഗർ എന്ന് പേരിട്ടു.

ഭാഷ, സാഹിത്യം, സംസ്കാരം, വാണിജ്യം, മെഡിസിൻ, മതം, രാഷ്ട്രീയം, കുടിയേററക്കാരുടെ പ്രശ്നങ്ങൾ ഇവയൊക്കെ ആധാരമാക്കിയുള്ള സെമിനാറുകൾ മൂന്നു ദിവസവും ഇടതടവില്ലതെ നടന്നുകൊണ്ടിരുന്നു. മതത്തിലുപരി ആത്മീയതക്കും, മനുഷ്യനന്മക്കും മുൻതൂക്കം കൊടുക്കുന്ന മാർ ക്രിസോസ്റ്റം തിരുമേനിയോടൊപ്പം പണ്ഡിതരായ ബിഷപ്പ് മാർ നിക്കലവസ് സഖറിയ, തോമസ് മാർ മക്കാരിയോസ്സ് തിരുമേനിമാരും കൂടി ച്ചേർന്നപ്പോൾ മത, സാംസ്കാരിക വേദികൾ യഥാർത്ഥ സത്യാന്വേഷണ പാതയിലേക്ക് തിരിഞ്ഞു.

കേന്ദ്രമന്ത്രി ഓ. രാജഗോപാലാണ് കൺവൻഷൻ ഉദ്ഘാടനം ചെയ്തത്. സംസ്ഥാന മന്ത്രിമാരായ എം.എം. ഹസ്സനും, കുഞ്ഞാലിക്കുട്ടിയും, എം.എൽ.എമാരായ ബിനോയ് വിശ്വം, രാജു എബ്രാഹം, മേഴ്സി രവി, ബി.ജെ.പി. നേതാവ് സി.കെ. പത്മനാഭൻ ഇവരൊക്കെയും ഭൂഗോളത്തിന്റെ ഈ മറുകരയിൽ എത്തി.

മൂന്ന് അംബാസഡർമാർ-ലളിത്മാൻ സിംഗ്, ടി.പി. ശ്രീനിവാസൻ, വിജയ് നമ്പ്യാർ- ചിക്കാഗോ കൗൺസൽ ജനറൽ സുരേന്ദ്ര കുമാർ ഇവരും ഫൊക്കാനയുടെ അരങ്ങിൽ നിറഞ്ഞു നിന്നു.

സാംസ്കാരിക സെക്രട്ടറി ബാബു പോൾ, എയർ ഇന്ത്യ ചെയർമാൻ റോയ് പോൾ, ചീഫ് സെക്രട്ടറി കൃഷ്ണ മൂർത്തി എന്നിവരും ടെലികമ്മ്യൂണിക്കേഷൻ 'ജീനിയസ്സ്' സാം പെട്രോഡ, മാദ്ധ്യമ പ്രതിനിധികൾ, കേരള പ്രസ്സ് അക്കാഡമി ചെയർമാൻ തോമസ്സ് ജേക്കബ്, പത്മശ്രീ വി.കെ.മാധവൻ കുട്ടി, പത്മശ്രീ രാജൻ ദേവദാസ്, കെ.എം. റോയ്. കോളമിസ്റ്റ് പി. സുജാതൻ, പി.വി. ഗംഗാധരൻ, സാഹിത്യകാരന്മാരായ പ്രൊഫസർ മധുസുദനൻ നായർ, കെ.പി. രാമനുണ്ണി, കൂടാതെ മററനവധി അമേരിക്കൻ മലയാള സാഹിത്യകാരന്മാരും സമ്മേളനങ്ങളിൽ പങ്കെടുത്തു സംസാരിച്ചു.

ഫൊക്കാന സർവേയിൽ കൂടി അവാർഡ് നേടിയ സിനിമാതാരങ്ങളായ സംയുക്ത വർമ്മയും, ജയറാമും മററു മുൻ നിര താരങ്ങളായ വിനീത്, ദിവ്യ ഉണ്ണി, ലക്ഷ്മി ഗോപാലസ്വാമി, ബിജു മേനോൻ എന്നിവരുടെയൊക്കെ പരിപാടികൾ 'ബാങ്ക്വററ്' രാത്രി പരിപാടികൾക്ക് നിറം പകർന്നു.

സമ്മേളനങ്ങളിൽ ഏററവും ശ്രദ്ധ ആകർഷിച്ചത് സാംസ്കാരിക സമ്മേളനമായിരുന്നു. ഡോ. എം.വി. പിള്ളയുടെ പ്രഭാഷണങ്ങൾ സംസ്കാരത്തിനും, ഭാഷക്കും, സാഹിത്യത്തിനും എന്നും മുതൽക്കൂട്ടായിരിക്കും. സാംസ്കാരിക സമ്മേളനത്തിൽ മധുസൂദനൻ നായരുടെ 'അമ്മയുടെ കത്ത്' എന്ന കവിതാ പാരായണം ഒരു പരമമായ സത്യത്തിന്റെ നെയ്ത്തിരി കൊളുത്തി.

ശരറാന്തലുകൾ കണ്ണു ചിമ്മി നിന്ന ഷെറോട്ടന്റെ പ്രധാന ഹാളുകൾ സംഗീത നൃത്തങ്ങളുടെ താളലയത്തിൽ രാവിന്റെ ഉത്തരയാമങ്ങളിലും ഉണർന്നിരുന്നു. നഷ്ടബോധത്തിന്റെ കണക്കുകളും മാറാപ്പിലിട്ട് ഉഴറി നടക്കുന്നവരാണ് അമേരിക്കയിൽ എത്തിച്ചേർന്ന ഏറിയ ഭാഗം മലയാളികളും. അവരിൽ പലർക്കും ഭാഷ നഷ്ടമായി, സംസ്കാരവും. ഇവർക്കൊക്കെ വല്ലപ്പോഴും വീണു കിട്ടുന്നതാണ് ഇത്തരം സംഗമങ്ങൾ.

ഫൊക്കാന സമ്മേളനം നടത്തുന്നതു തന്നെ തെരെഞ്ഞെടുപ്പിനു വേണ്ടിയാണെന്ന തോന്നലാണുളവാക്കുക. മതവും രാഷ്ട്രീയവും കൂട്ടിക്കലർത്തി 'ഹിപ്പോക്രസി' മേമ്പൊടിയും ചേർത്ത് നടത്തിയ ഫൊക്കാന തെരെഞ്ഞെടുപ്പ് പ്രചരണവും, ഒരു പകലും രാത്രിയും നീണ്ടുനിന്ന തെരെഞ്ഞെടുപ്പും കണ്ടാൽ വിവേകാനന്ദൻ പറഞ്ഞത് ഓർമ്മിച്ചുപോകും: 'കേരളം ഒരു ഭ്രാന്താലയമാണ്'. അവിടുന്ന് ഓടിപ്പോന്ന ഭ്രാന്തന്മാരല്ലേ എന്ന് ചോദിച്ചും പോകും.

കഴിയുമെങ്കിൽ ഒരു ആറു മാസം മുമ്പ് തെരെഞ്ഞെടുപ്പ് എവിടെയെങ്കിലും വച്ച് നടത്തി ഈ പ്രഹസനം അവസാനിപ്പിക്കണം. തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് നടപ്പുകാല ഫൊക്കാനയുടെ നടത്തിപ്പിൽ പ്രതിനിധികളായിത്തന്നെ സഹായിക്കുകയും ചെയ്യാം; പ്രസംഗം ഒഴിച്ചുള്ള കാര്യങ്ങൾക്ക്.

ഫൊക്കാനയിൽ പങ്കെടുക്കാൻ പണം മുടക്കി പേര് രജിസ്റ്റർ ചെയ്യുന്ന സാധാരണക്കാർക്ക് സ്വൈര്യത ലഭിക്കുന്നത് കൂടാതെ, ഈ പ്രതിനിധിസംഘങ്ങൾക്ക്, ഫൊക്കാനയിൽ എന്തൊക്കെ നടക്കുന്നുവെന്നും, വരും കാലങ്ങളിൽ വരുത്തേണ്ട പുരോഗതികളേപ്പററി ചിന്തിക്കുവാൻ അവസരം ലഭിക്കുകയും ചെയ്യും. സ്വന്തം നാടിന്റെ കലകളും പകിട്ടും കാണാനും, തിരക്കിട്ട ജീവിതത്തിന്റെ പ്രാരാബ്ദങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടവുമാണ് ഫൊക്കാന സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ ലക്ഷ്യം. അതിനിടയിൽ നടത്തുന്ന ഫൊക്കാന ഭാരവാഹികളുടെ തെരെഞ്ഞെടുപ്പ് സ്വൈര്യം കെടുത്തുന്നു.

ഫൊക്കാനയിൽ ഇന്നു കാണുന്ന തെരെഞ്ഞെടുപ്പും പ്രവർത്തനവും കക്ഷിരാഷ്ട്രീയ മതാധിഷ്ഠിതമാണ്. അത് പാടേ തുടച്ചുമാറേറണ്ടതുണ്ട്. ഭരണകക്ഷിക്കകത്തുള്ള പ്രതിപക്ഷങ്ങളും, മററ് വ്യത്യസ്ത വ്യക്തി താൽപ്പര്യ നായകന്മാരും ചേർന്നുള്ള പാരവെപ്പും കൺവൻഷൻ പരാജയപ്പെടുത്തുന്ന രീതിയും ഇത്തവണ കൺവൻഷനിൽ നിഴലിച്ചു. ഇത് ആദ്യവും അവസാനവുമായിരിക്കും എന്ന് നമുക്കാശിക്കാം ഫൊക്കാന ആര് നടത്തുന്നു എന്നുള്ളതിനേക്കാളും പ്രസക്തി ഇതാർക്കുവേണ്ടി നടത്തുന്നു എന്ന് ചിന്തിച്ചാൽ ഇത്തരം ക്രൂരവിനോദം ഒഴിവാക്കാം.

ചിക്കാഗോ പോലുള്ള ഒരു മഹാനഗരത്തിൽ, മലയാളികൾ തിങ്ങിപ്പാർക്കുന്ന ഈ നഗരത്തിൽ, പതിനായിരത്തിന്റെ അടുത്തെത്തേണ്ട ഈ മലയാളി സംഗമത്തിൽ, മൂവായിരത്തിൽ താഴെ മലയാളികളെ പങ്കെടുപ്പിക്കുവാൻ മാത്രമേ ഫൊക്കാന പ്രതിനിധികൾക്ക് കഴിഞ്ഞുള്ളുവെങ്കിൽ എവിടെയോ എന്തോ പന്തികേടുള്ളതായി കരുതാം. അതിന്റെ ഉത്തരവാദിത്തം ഫൊക്കാന നേതൃനിരയിലുള്ളവർ വീതിച്ചെടുക്കട്ടെ.

എല്ലാ വിധത്തിലും ഒരു നല്ല കൺവൻഷനായി കലാശിക്കേണ്ട ഈ സംരംഭത്തെ അടിയൊഴുക്കും, പാര പണിയലും, തൊഴുത്തിക്കുത്തും, നിസ്സഹകരണവുംകൊണ്ട് ആരൊക്കെയോ അലങ്കോലപ്പെടുത്താൻ ശ്രമിച്ചത് നന്നായില്ല. വരും കാലങ്ങളിൽ ഈ തെററുകൾ ആവർത്തിക്കില്ല എന്ന് നമുക്കാശിക്കാം.

# വൃദ്ധന്മാർ പഞ്ചായത്ത് കൂടിക്കൊണ്ടേയിരിക്കുന്നു

**യഥാർത്ഥത്തിൽ നമുക്കെന്താണ് നഷ്ടപ്പെട്ടത്? കഥകളിയും ഓട്ടം തുള്ളലുമോ? സഹ്യാദ്രിയും നെൽപ്പാടങ്ങളുമോ? ഇതൊന്നും നമുക്ക് നഷ്ടപ്പെട്ടിട്ടില്ല. കാരണം, കഥകളിയും ഓട്ടംതുള്ളലും പലരും കണ്ടത് അമേരിക്കയിൽ വന്നതിന് ശേഷമാണ്.**

**ജോൺ മാത്യു, ഹ്യൂസ്റ്റൺ**

**അ**മേരിക്കയിൽ മലയാളികൾക്ക് സംഘടനകൾ വേണ്ടതിലധികമാണ്. മററാർക്കുമില്ലാത്ത ഈ സംഘടനാഭ്രമം എന്തുകൊണ്ട് നമുക്ക്? കൂട്ടം ചേർന്ന് താമസിക്കുന്നതും സംഘടിക്കുന്നതും സുരക്ഷിതത്വത്തിനുവേണ്ടി എന്നാണല്ലോ വയ്പ്. പക്ഷേ, ഇവിടെ മലയാളിയുടെ കാര്യത്തിൽ, വേറിട്ട് താമസിക്കാൻ ഇഷ്ടപ്പെടുന്ന മലയാളിക്ക്, ഈ സംഘം ചേരൽ വെറും സുരക്ഷയാകാൻ തരമില്ല. നമ്മളെല്ലാം എന്തോ പ്രധാനപ്പെട്ടതാണ്, മററാരേക്കാളും മോശമല്ല എന്നൊക്കെ വിളിച്ചറിയിക്കുകയായിരിക്കും ഈ സംഘടനകൾ കൊണ്ട് നേടുന്നത്. പരമ്പരാഗതമായ പള്ളി മുതലായ മത സംഘടനകൾ, സാമൂഹ്യ സമാജങ്ങൾ, പിന്നെ വ്യക്തികളുടെ അഭിരുചിക്കൊത്ത പ്രൊഫഷണൽ സാഹിത്യ കലാ സംഘടനകൾ, പോരാ, ബ്രാഹ്മണ പാരമ്പര്യം ഉണ്ടെന്ന് അവകാശപ്പെടുന്ന പകലോമററം പോലുള്ള സംഘടനകൾ! ഇതെല്ലാം വിരൽ ചൂണ്ടുന്നത് മലയാളിയുടെ ഒരു തനത് മാനസിക അവസ്ഥയിലേക്കും, വ്യക്തിത്വത്തിലേക്കുമല്ലേ?

നല്ലത്. നാം സംഘടിച്ച് മുന്നേറുന്നു. ജീവിതത്തിൽ ഒരടുക്കും ചിട്ടയും ഉണ്ടാവുന്നു. കൃത്യമായി പള്ളിയിൽ പോകുകയോ, സംഘടനകളുടെ ദേശീയവും, പ്രാദേശികവുമായ കൺവെൻഷനുകളിൽ പങ്കെടുക്കുകയോ ചെയ്യുന്നു. എന്നാൽ നമ്മളും നമ്മുടെ നേതാക്കന്മാരും (അല്പം അദ്വൈതം: ഈ നേതക്കന്മാരും നമ്മളും ഒന്നുതന്നെയാണ്.) അവകാശപ്പെടുന്നത് ഈ സംഘടനകൾ ഒന്നും നമുക്ക് വേണ്ടിയല്ലെന്നാണ്. അടുത്ത തലമുറയെ നേർവഴിക്ക് നടത്താനുള്ള ഒരു മാർഗമാണത്രേ ഈ പള്ളികളും, സമാജങ്ങളും, കുടുംബയോഗങ്ങളും. അതായത്, പണം മുടക്കി അംഗത്വമെടുക്കുന്നത് നമുക്ക് വേണ്ടിയല്ല, കുട്ടികൾക്ക് വേണ്ടിയാണ്. നമുക്കൊരു കുററബോധം, എന്തെങ്കിലുമൊക്കെ കുട്ടികൾക്കുവേണ്ടി ചെയ്തില്ലെങ്കിലോ എന്ന്. അടുത്ത തലമുറയെ നന്നാക്കിയെടുക്കാനാണെന്ന് പറഞ്ഞാൽ എങ്ങനെ എതിർക്കും. കുഞ്ഞുങ്ങൾ പിഴച്ചു പോകരുതല്ലോ. അവർ അമേരിക്കയെന്ന 'ദുഷ്ട ലോകത്തിലെ' പാപക്കുഴിയിൽ വീഴാതെ ആർഷവും മഹാ പരിശുദ്ധവുമായ ഭാരതീയ കേരളീയ രീതികൾ നിലനിർത്തുകയും നൂററാണ്ടുകൾക്ക് ശേഷം പണ്ട് പണ്ട് ഒരു പൂർവീകൻ കിഴക്കുനിന്ന് വന്ന് ഇവിടെ ഒരു പുതിയ മഹാ സമൂഹം സ്ഥാപിച്ചുവെന്ന് വീമ്പിളക്കുകയും വേണമായിരിക്കും. അതുകൊണ്ട് നമ്മൾ ഓരോ ആചാരങ്ങളും പുനർനിർമ്മിക്കുക മാത്രമല്ല, എരിവും പുളിയും ഒക്കെ ഒന്നര വയസ്സുകാരനേക്കൊണ്ട് തീററിച്ച് സംസ്കാരവും പാരമ്പര്യവും നിലനിർത്താൻ പാടുപെടുകയും ചെയ്യുന്നു.

എല്ലാ കുടിയേററക്കാരും സാമ്പത്തിക ഭദ്രത നേടിക്കഴിയുമ്പോൾ തങ്ങൾ ആരാണെന്ന് തിരിഞ്ഞു നോക്കറുണ്ട്. തങ്ങൾക്ക് നഷ്ടപ്പെട്ടത് കണ്ടെത്തി അത് വീണ്ടും കെട്ടിപ്പെടുക്കുന്നതിലാണ് അവരുടെ സായൂജ്യം. വീണ്ടും ഐഫൽ ടൗവർ പണിതുയർത്തുന്ന ഫ്രഞ്ചുകാരൻ മുതൽ പണ്ടത്തെ തറവാടിന്റെ പേര് അമേരിക്കയിലെ വീടിനു മുൻപിൽ എഴുതി വക്കുന്ന മലയാളിയുടെ വരെ മാനസികനില ഒന്നാണ്. അതായത് കൈവിട്ടു പോയതിലേക്കുള്ള ഒരെത്തിനോട്ടം.

ഉദ്യോഗവും കഷ്ടിപിഷ്ടി സമ്പാദ്യവുംകൊണ്ട് മദ്ധ്യവർഗത്തിന്റേയും താഴേക്കിടയിലുള്ള ഒരു സാമ്പത്തിക സുരക്ഷിതത്വം നിർമ്മിക്കാനേ ബഹുഭൂരിപക്ഷം മലയാളികൾക്കും കഴിഞ്ഞിട്ടുള്ളു. അപ്പോൾ നമ്മുടെ കൊക്കിലൊതുങ്ങുന്നതിന്റെ ഒരു പുനർനിർമ്മാണം നടത്താനല്ലേ നമുക്ക് കഴിയൂ.

യഥാർത്ഥത്തിൽ നമുക്കെന്താണ് നഷ്ടപ്പെട്ടത്? കഥകളിയും ഓട്ടം തുള്ളലുമോ? സഹ്യാദ്രിയും നെൽപ്പാടങ്ങളുമോ? ഇതൊന്നും നമുക്ക് നഷ്ടപ്പെട്ടിട്ടില്ല. കാരണം, കഥകളിയും ഓട്ടംതുള്ളലും പലരും കണ്ടത് അമേരിക്കയിൽ വന്നതിന് ശേഷമാണ്. പിന്നെ കേരളം ഒന്ന് നേരെ ചൊവ്വേ കാണാനുള്ള സാവകാശം അമ്പതുകളിലേയും അറുപതുകളിലേയും ചെറുപ്പക്കാർക്കില്ലായിരുന്നല്ലോ.

പള്ളികളുടേയും സമാജങ്ങളുടേയും പേരിൽ മത്സരിച്ച് നമ്മൾ ഇവിടെ നിർമ്മിച്ചുകൊണ്ടിരിക്കുന്നത് പഴയ ഓർമ്മകളാണ്. ഫൊക്കാന കൺവൻഷൻ തുടങ്ങുന്നതിന് തൊട്ടു മുമ്പുള്ള പത്രങ്ങൾ ഒന്നു നോക്കൂ. സ്ഥാനാർത്ഥികളുടെ ഒരു നീണ്ട നിര! മുഴുപേജ് പരസ്യങ്ങൾ! നമുക്കാർക്കും വോട്ടേയില്ല. എന്നിട്ടും അവർ നമ്മോട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ പ്രതിനിധികൾ വോട്ട് ചെയ്യുമെന്നാണ് വെയ്പ്. അവരാരും നമ്മോട് അഭിപ്രായം ചോദിച്ചിട്ടുമില്ല. ഫൊക്കാനയിൽ മത്രമല്ല, എല്ലാ കൺവൻഷനുകളിലും ഇന്ന് മുഖ്യ ചർച്ചാവിഷയം തെരെഞ്ഞെടുപ്പാണ്. ഈ തെരെഞ്ഞെടുപ്പിന്റെ ചൂട്, വോട്ടില്ലെങ്കിലും, എല്ലാവരും മതിയാവോളം ആസ്വദിക്കുകയും ചെയ്യുന്നു.

ഇതെല്ലാം ഒത്തുവച്ചു നോക്കുമ്പോൾ നമുക്ക് നഷ്ടപ്പെട്ടത് നാട്ടിലെ രാഷ്ട്രീയക്കളികളാണ്. ചിലർക്ക് കളിക്കാരന്റെ റോൾ, മററു ചിലർക്ക് കാഴ്ച്ചക്കാരന്റെ റോൾ! പഞ്ചായത്ത് തെരെഞ്ഞെടുപ്പ്, അസംബ്ലി തെരെഞ്ഞെടുപ്പ്, ജാഥകൾ, നെടുനെടുങ്കൻ പ്രസംഗങ്ങൾ, പിറേറന്ന് പത്രവാർത്ത, ജാഥ ഒരു പോയ്ന്റ് കടക്കാൻ മൂന്നു മണിക്കൂർ! ആവർത്തിച്ച്, ആവർത്തിച്ച് അതു വായിക്കുന്നു. മാടക്കടകളിലും, നാൽക്കവലകളിലും തോരാത്ത ചർച്ച. ഇതെല്ലാം ഇവിടെ നഷ്ടപ്പെട്ടിരിക്കുന്നു. പക്ഷേ നമ്മൾ എല്ലാവരുംകൂടി അതിന്റെ ചെറിയ പതിപ്പുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. എന്നിട്ടും, ഈ പ്രസ്ഥാനങ്ങൾ എല്ലാം രണ്ടാം തലമുറക്കാണെന്നാണ് അവകാശപ്പെടുന്നത്. പാവം രണ്ടാം തലമുറ. അവരൊക്കെ എന്നേ വിശ്വ പൗരന്മാരായിക്കഴിഞ്ഞു. വൃദ്ധന്മാർ, നമ്മൾ, ഇപ്പോഴും പഞ്ചായത്ത് കൂടിക്കൊണ്ടേയിരിക്കുന്നു.

ഫീച്ചർ

# പുരാതന ശേഷിപ്പുകളുടെ കാഴ്ചബംഗ്ലാവ്

**വെട്ടിപ്പുറം മുരളി**

**പു**രാതന വസ്തുക്കളുടെ വിപുലമായ ശേഖരവുമായി ഒരു കാഴ്ചബംഗ്ലാവ്! ക്രിസ്ത്യൻ ദേവാലയങ്ങളിൽ ഉപയോഗിച്ചിരുന്ന ആരാധന സാമഗ്രികൾ, വീട്ടുപകരണങ്ങൾ, ആഭരണങ്ങൾ, വിളക്കുകൾ, ആയുധങ്ങൾ, നാണയങ്ങൾ, പെട്ടികൾ, ഫോൺ, ക്യാമറ, നന്നങ്ങാടികൾ, സംഗീതോപകരണങ്ങൾ തുടങ്ങി ഒട്ടേറെ വസ്തുക്കളുമായി മ്യൂസിയം സജ്ജമാക്കിയിരിക്കുന്നത് പാലാ രൂപതയുടെ മേൽനോട്ടത്തിലാണ്. പാലായിൽ ക്രിസ്ത്യൻ കൾച്ചറൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ രൂപതയുടെ സുവർണജൂബിലി സ്മാരകമായി 'ഗോൾഡൻ ജൂബിലി മ്യൂസിയം' എന്നാണ് ഇതിനു പേർ നൽകിയിരിക്കുന്നത്.

ഗതകാല സംസ്കൃതിയുടെ വിസ്മയിപ്പിക്കുന്ന ശേഷിപ്പുകളാണ് ഈ കാഴ്ച്ചബംഗ്ലാവിൽ സൂക്ഷിച്ചിരിക്കുന്നത്. കേരളത്തിൽ ഒരു രൂപതയുടെ മേൽനോട്ടത്തിലുള്ള ആദ്യ സംരംഭമാണിത്.. പാലാ സെന്റ് തോമസ് പ്രസ്സ് കെട്ടിടത്തിന്റെ മുകൾ നിലയിലാണ് ഈ സ്ഥാപനം. പല മുറികളിലായി വ്യത്യസ്ത തരത്തിൽപ്പെട്ട പുരാവസ്തുക്കൾ മനോഹരമായി നിരത്തിയിരിക്കുന്നു.

വിളക്കുകളുടെ ശേഖരമാണ് ഒരു ഭാഗത്ത്. പുത്തൻ തലമുറയിൽപ്പെട്ടവർക്ക് ഇവയുടെ പേരുകൾപോലും അജ്ഞാതം. ഗോളവിളക്ക്, കെടാവിളക്ക്, മേശവിളക്ക്, ഓട്ടുവിളക്ക്, തൂക്കുവിളക്ക്, കൂത്തുവിളക്ക്, കുത്തുവിളക്ക്, കോൽവിളക്ക്, ആനവിളക്ക്, മയിൽവിളക്ക്, ശരറാന്തൽ, ചങ്ങലവട്ട, കല്ലുവിളക്ക്, നിലവിളക്ക്, പാട്ടവിളക്ക്, കിണ്ടിവിളക്ക്, താമരവിളക്ക്, യഹൂദരുടെ എഴുതിരിവിളക്ക് തുടങ്ങി നിരവധി വിളക്കുകൾ വ്യത്യസ്ത വലുപ്പത്തിലുള്ളവ. കെടാവിളക്കിൽ എണ്ണ പകർന്നു തിരി കത്തിച്ചാൽ ദിവസങ്ങളോളം കെടാതെ നിൽക്കും. ഇതിന്റെ എണ്ണയൊഴിക്കുന്ന ഭാഗത്തുനിന്നും ഓരോ തുള്ളിയായിട്ടാണ് എണ്ണ തിരിയിലേക്ക് പകർന്നു കിട്ടുന്നത്. കല്ലിൽ കൊത്തിയുണ്ടാക്കിയ വിളക്കുകളാണ് കല്ലുവിളക്ക്. പഴയ കാലത്ത് പള്ളികളിൽ ഇവ ഉപയോഗിച്ചിരുന്നു. ഇപ്പോൾ ക്ഷേത്രമുററത്തും കാവുകളിലും മാത്രമേ ഇവ കാണാനുള്ളു.

കിണ്ടി എന്നു കേട്ടാൽ കുട്ടികൾ മിഴിച്ചു നോക്കും. ഇവിടെയാകട്ടെ ചെറുകിണ്ടി, വലിയകിണ്ടി, വാൽക്കിണ്ടി, ധാരക്കിണ്ടി, എന്നിങ്ങനെ ധാരാളം കിണ്ടികളുണ്ട്. വെള്ളിയിലും, തടിയിലും, വെങ്കലത്തിലും തീർത്ത നിരവധി മെഴുകുതിരിക്കാലുകൾ ഇവിടെക്കാണാം. തീവെട്ടിയാണ് മറെറാരു കാഴ്ചവസ്തു. ഇവ പണ്ട് പള്ളികളിൽ ഉപയോഗിച്ചവ ആയിരുന്നു.

ക്രൈസ്തവ ദേവാലയങ്ങളിൽ പണ്ട് ഉപയോഗിച്ചിരുന്ന എത്രയെത്ര വസ്തുക്കളാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്! തിരുവസ്ത്രങ്ങൾ, സക്രാരികൾ, സിംഹാസനങ്ങൾ, റംശേത്തികൾ, രസഗോളങ്ങൾ, സ്ഫടികവിളക്കുകൾ, മെഴുകുതിരിക്കാലുകൾ, കുർബ്ബാന എഴുന്നെള്ളിക്കുന്ന അരുളിക്ക, പെരുന്നാളുകൾക്ക് രാജകീയ ശോഭ പകർന്നിരുന്ന ആലവട്ടം, തഴക്കുട, കൊടിയും ശ്ലീവായും, സുറിയാനിയിലുള്ള പ്രാർത്ഥനാ പുസ്തകങ്ങൾ കൂടാതെ ഒററക്കുമ്പിൾ തടിയിൽ കൊത്തിയെടുത്ത നാലരയടി ഉയരമുള്ള വേളാങ്കണ്ണി മാതാവിന്റെ ശിൽപ്പം. പുരാതന നേർച്ചപ്പെട്ടികൾ, ഒററക്കല്ലിൽ കൊത്തിയെടുത്ത അഞ്ചടി വ്യാസവും രണ്ടരയടി പൊക്കവുമുള്ള മാമ്മോദിശാത്തൊട്ടി, പ്രാചീനചിത്രങ്ങൾ, ധൂപസാമഗ്രികൾ, പഴക്കമേറിയ ക്രിസ്തുശിൽപ്പങ്ങൾ, നാലടി ഉയരമുള്ള അരുളിക്ക, വ്യത്യസ്ത രാജ്യക്കാരും സഭകളും ഉപയോഗിച്ചിരുന്ന കുരിശുകൾ. റോമൻ, പേർഷ്യൻ, ആഫ്രിക്കൻ, എത്യോപ്യൻ, മാർത്തോമ്മാ കുരിശുകൾ. ഈ ഹാളിലെ മറെറാരു പ്രധാന കാഴ്ചവസ്തു പ്രസംഗപീഠമാണ്. മൈക്കും മററും ഉണ്ടാകുന്നതിനു മുമ്പ് അഞ്ചടി ഉയരമുള്ള ഈ പ്രസംഗപീഠം പള്ളിയുടെ നടുവിൽ സ്ഥാപിച്ച് അതിൽ കയറി നിന്നാണ് വൈദികൻ പ്രസംഗിച്ചിരുന്നത്.

മറെറാരു ഭാഗത്ത് പഴയ ആട്ടുകട്ടിൽ പ്രദർശിപ്പിച്ചിരിക്കുന്നത് കാണുക. ഇതിന്റെ ചങ്ങലകൾക്ക് സവിശേഷതകൾ ഏറെ. ചങ്ങലക്കണ്ണികളിൽ ചിലത് ആനയുടേയും മയിലിന്റേയും ദേവദാസികളുടേയും രൂപത്തിലുള്ളവയാണ്. കൊളുത്തുകൾ പക്ഷിച്ചുണ്ടിന്റേയും തുമ്പിക്കൈയുടേയും മററും രൂപത്തിലാണ്. കടലാസിന്റെ പൂർവീകനായ പപ്പിറസിൽ രചിച്ച ചിത്രങ്ങൾ ശ്രദ്ധേയങ്ങളാണ്. അത്ഭുതത്തോടെ മാത്രമേ ഈ ചിത്രങ്ങൾ കാണാനാവൂ. പുരാതന തറവാടിന്റെ ശിൽപ്പചാരുതയുള്ള തൂണുകളും തേക്കിൽ കൊത്തിയുണ്ടാക്കിയ കൂററൻ മുഖപ്പുകളും കൊണ്ട് കാഴ്ചബംഗ്ലാവിന്റെ ഇടനാഴികൾ ശോഭനമാക്കിയിട്ടുണ്ട്.

ഇനി പെട്ടികൾ നോക്കാം. പുരാതനമായ, ചെറുതും വലുതുമായ നിരവധി പെട്ടികൾ, ചെപ്പുകൾ. ആഭരണപ്പെട്ടി, ആമപ്പെട്ടി, നെട്ടൂർപ്പെട്ടി, പത്തായം, കൽപ്പെട്ടി, ഓലപ്പെട്ടി, അങ്ങാടിപ്പെട്ടി, കൈതാരപ്പെട്ടി, വളപുരപ്പെട്ടി, പണപ്പെട്ടി, കൊട്ടാരങ്ങളിൽ ഉപയോഗിച്ചിരുന്ന കൂററൻ നെട്ടൂർപ്പെട്ടി, താമരച്ചെപ്പ്, ആഭരണച്ചെപ്പ്, സിന്ധൂരച്ചെപ്പ്, കറുപ്പുചിമിഴ്, നിസ്കാരക്കൊട്ട, മുറുക്കാൻ ചെല്ലം വെററിലത്തട്ടം, ചുണ്ണാമ്പുകുററി, തുപ്പൽ കോളാമ്പി, ഇടികല്ല് തുടങ്ങിയവ ഓരോന്നിന്റേയും വ്യത്യസ്ത വലിപ്പത്തിലുള്ളവ.

പലതരം പീഠങ്ങൾ, ഉപനയനപീഠം, ആവണിപ്പലക, പുരാതന നാണയമായ രാശി എണ്ണുന്നതിനുള്ള രാശിപ്പലക. 18 ാം ശതകം മുതലുള്ള വിവിധ രാജ്യങ്ങളിലെ ആയിരക്കണക്കിന് നാണയങ്ങൾ പ്രത്യേകം പ്രദർശിപ്പിച്ചിട്ടുണ്ട്. ഇത് നാണയ ശേഖരണക്കാരേയും ചരിത്ര കുതുകികളേയും പുരാവസ്തു ഗവേഷകരേയും ഒരുപോലെ ആകർഷിക്കുന്നതാണ്. ആദ്യത്തെ അച്ചടിയന്ത്രത്തിലൊന്ന് ഇവിടെക്കാണാം.

രണ്ടായിരത്തിലധികം വർഷം പഴക്കമുള്ള നന്നങ്ങാടികളാണ് ഇവിടുത്തെ മറെറാരു ആകർഷകവസ്തു. നന്നങ്ങാടി എന്നാൽ കലത്തിന്റെ മാതൃകയിലുള്ള കൂററൻ മൺഭരണികളാണ്. പ്രാചീനകാലത്ത് നന്നങ്ങാടിയിൽ ശവസംസ്കാരം നടത്തിയിരുന്നു. മരിച്ചയാൾ ഉപയോഗിച്ചിരുന്ന ആയുധങ്ങളും ആഭരങ്ങളും ഇതിൽ നിക്ഷേപിച്ചിരുന്നു. നന്നങ്ങാടി കൂടാതെ കബറും കുട്ടിക്കബറും പിള്ളത്തൊട്ടിലും. പലതരം പീഠങ്ങൾ, ഉപനയനപീഠം, ആവണിപ്പലക, പുരാതന നാണയമായ രാശി എണ്ണുന്നതിനുള്ള രാശിപ്പലക. 18 ാം ശതകം മുതലുള്ള വിവിധ രാജ്യങ്ങളിലെ ആയിരക്കണക്കിന് നാണയങ്ങൾ പ്രത്യേകം പ്രദർശിപ്പിച്ചിട്ടുണ്ട്. ഇത് നാണയശേഖരണക്കാരേയും ചരിത്ര കുതുകികളേയും പുരാവസ്തുഗവേഷകരേയും ഒരുപോലെ ആകർഷിക്കുന്നതാണ്. ആദ്യത്തെ അച്ചടിയന്ത്രത്തിലൊന്ന് ഇവിടെക്കാണാം.

രണ്ടായിരത്തിലധികം വർഷം പഴക്കമുള്ള നന്നങ്ങാടികളാണ് ഇവിടുത്തെ മറെറാരു ആകർഷക വസ്തു. നന്നങ്ങാടി എന്നാൽ കാലത്തിന്റെ മാതൃകയിലുള്ള കൂററൻ മൺഭരണികളാണ്.

പ്രാചീനകാലത്ത് നന്നങ്ങാടിയിൽ ശവസംസ്കാരം നടത്തിയിരുന്നു. മരിച്ചയാൾ ഉപയോഗിച്ചിരുന്ന ആയുധങ്ങളും ആഭരണങ്ങളും ഇതിൽ നിക്ഷേപിച്ചിരുന്നു. നന്നങ്ങാടി കൂടാതെ കബറും കുട്ടിക്കബറും പിള്ളത്തൊട്ടിലും ഈ മ്യൂസിയത്തിലുണ്ട്.

പല രാജ്യക്കാർ ഉപയോഗിച്ചിരുന്ന മൺപാത്രങ്ങൾ, ഭരണികൾ ചീനഭരണികൾ, കൂററൻ കല്ലൻ ഭരണികൾ കൂടാതെ എത്രയെത്ര വീട്ടുപകരണങ്ങൾ. പല തരത്തിലുള്ള അടച്ചുവററികൾ, ഇടിയപ്പം പീച്ചുന്ന വലിയ അച്ചുകൾ, കത്തികൾ, പുൽച്ചൂൽ, കുററിച്ചൂൽ, ഈർക്കിൽച്ചൂൽ, പുഴുക്കുകലം, കഞ്ഞിക്കലം, മീൻചട്ടി, തളികച്ചട്ടി, കോപ്പച്ചട്ടി, കൂട്ടാൻചട്ടി, മൂടച്ചട്ടി, മോരുകലം, കടകോൽ, കുപ്പികൾ സൂക്ഷിക്കുന്ന കുപ്പിപ്പാള, വീശുപാള, ചൂടുപാള, പാളത്തൊപ്പി, മോർപ്പാള, കുത്തുപാള, കുട്ടിപ്പാള, കാളുപാള, ചിരവകൾ, ഉറികൾ, ഉരുളികൾ, വാർപ്പ്, വധൂവരന്മാർക്ക് ഭക്ഷിക്കാൻ മധുരം വക്കുന്ന കരിക്കോൽ (അൽപ്പം ഉയർന്ന പീഠം), പല്ലിയുടെ ആകൃതിയിൽ പിടി ഉള്ള പല്ലിവാർപ്പ്.ഇതിൽപാചകംചെയ്താൽ
വളിക്കില്ല എന്ന് പറയുന്നു. ചെമ്പ്, കിണ്ണം, മൊന്ത.

ഇനി വിവിധതരം വാളുകൾ കാണുക. അതിൽ കായംകുളം വാൾ ഏറെ പ്രസിദ്ധമാണ്. ഇതിന്റെ രണ്ട് തലക്കലും മൂർച്ചയുണ്ട്. ആരാച്ചാരുടെ വാൾ, കൊടുവാൾ, വെളിച്ചപ്പാടിന്റെ വാൾ, രാജാക്കന്മാരുടെ പടവാൾ, പള്ളിവാൾ, വടിവാൾ, കഠാരി, കുറുവടി, കുന്തം, പലതരം ചിലമ്പുകൾ, കാതിലോല അങ്ങനെ ഇപ്പോൾ കണികാണാൻ കിട്ടാത്ത വസ്തുക്കൾ ഏറെ.

അളവുതൂക്ക ഉപകരണങ്ങളാണ് മറെറാരു ഭാഗത്ത്. എത്ര തരത്തിലുള്ള പ്രാചീന അളവ് തൂക്ക സാമഗ്രികൾ! കുററി, സേർ, നാഴി, ചങ്ങഴി, പറ, അതിലും വലിയ അളവുപാത്രമായ തൂണി, എണ്ണ അളക്കുന്ന തുടം, ചോതന, ഭാരം തൂക്കുന്ന പലതരം ദണ്ഡുകൾ, കഴഞ്ചുവടി, ത്രാസുകൾ. പ്രാചീനതാളിയോല ഗ്രന്ഥങ്ങൾ,നാരായം, നാരായപ്പിച്ചാത്തി, വിവിധതരം വെങ്കല പ്രതിമകൾ, 24 കാലുള്ള ഉലക്ക. ഉത്തോലകം മാതിരി സ്ഥാപിച്ചിട്ടുള്ള ഒരു ദണ്ഡിന്റെ അററത്ത് 24 ഉലക്കക്കാലുകൾ. ഇതിന്റെ ചുവട്ടിൽ നെല്ലു കൂട്ടിയിട്ട് ഉത്തോലകം ഉയർത്തി താഴ്ത്തുമ്പോൾ 24 ഉലക്കക്കാലുകൾ ഒരുമിച്ച് നെല്ലിൽ പതിക്കുന്നു. ഒരു മെഴുകുതിരി വെളിച്ചംകൊണ്ടു പ്രവർത്തിക്കുന്ന അത്ഭുതഫാൻ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ടേബിൾഫാനിന്റെ വലിപ്പമുള്ള ഇതിന്റെ ചുവട്ടിൽ ഒരു പ്രത്യേക യന്ത്രമുണ്ട്. യന്ത്രത്തിനുകീഴെ മെഴുകുതിരി കത്തിച്ചുവക്കുമ്പോൾ ആ ചൂടുകൊണ്ട് യാന്ത്രികശക്തിയുണ്ടായി ഫാൻ കറങ്ങുന്നു. ഇതു ബ്രിട്ടീഷ്കാരുടെ കാലത്തേതാണ്. നാലുകെട്ടിന്റേയും നടുമുററത്തിന്റേയും മാതൃക ഇവിടെസൂക്ഷിച്ചിട്ടുണ്ട്.

പുരാതന പിയാനോ, റബേക്ക, വീണ, മൺതബല, തിരിയാങ്കോൽ, ഹാർമ്മോണിയം, ചവിട്ടു ഹാർമ്മോണിയം, ബുൾബുൾ, ഡ്രം, തുടങ്ങിയ സംഗീതോപകരണങ്ങളുടെ കൂടെ ഗ്രാമഫോണുകൾ, ആദ്യകാല ഫോണുകൾ, ക്യാമറകൾ, തടി കൊണ്ടുള്ള ഫീൽഡ് ക്യാമറകൾ, നാഴികമണികൾ. സ്വയം പീഠനത്തിനുവേണ്ടി യോഗികൾ ഉപയോഗിച്ചിരുന്ന മുള്ളരഞ്ഞാണം. കൂർത്ത മുള്ളുകളുള്ള ഈ അരഞ്ഞാണം കൈയ്യിലോ ദേഹത്തോ ചുററി സ്വയം പീഠനം ഏററുവാങ്ങിയിരുന്നു യോഗികൾ. ചമ്മട്ടികൾ, ബുദ്ധമത ക്കാർ പ്രാർത്ഥനാവേളയിൽ ഉപയോഗിച്ചിരുന്ന ധർമ്മചക്രം. പലതരം അത്ഭുതപൂട്ടുകൾ, താഴുകൾ, മണിച്ചിത്രത്താഴ്, സവിശേഷ ശ്രദ്ധയാകർഷിക്കുന്ന കോൽപ്പൂട്ടുകൾ.

ചില കൃഷിയായുധങ്ങൾ നോക്കുക. പല്ലി, ഞവരി, ഇലച്ചക്രം, തേക്കുതൊട്ടി, കലപ്പ, നുകം, കൊഴു, മഴു കൂടാതെ വള്ളം, കൊതുമ്പുവള്ളം എന്നിവയും ഈ കാഴ്ചബംഗ്ലാവിലുണ്ട്. പുരാതന ഈജിപ്തിലെ ചിത്രലിപി, പഴയ വർത്ത മാനപ്പത്രങ്ങൾ, കുർബ്ബാന തക്സാകൾ, പുത്തൻപാന, ഉദയംപേരൂർ കാനോനകൾ, മലയാളത്തിൽ ആദ്യം അച്ചടിച്ച പുസ്തക മായ ‘സംക്ഷേപവേദാർത്ഥം’, ‘ക്രിസ്ത്വാ നുകരണം’, വട്ടെഴുത്തു ലിപിയിലുള്ള താളിയോല രേഖകൾ, മററു താളിയോല ഗ്രന്ഥങ്ങൾ.

പാലാ രൂപതയുടെ പ്രഥമ മെത്രാൻ സെബാസ്റ്റ്യൻ വയലിൽ ഉപയോഗിച്ചിരുന്ന ഔദ്യോഗിക വസ്ത്രങ്ങൾ, കുർബ്ബാനക്കുപ്പായം, മുടിത്തൊപ്പി, മുതല വായൻ തൊപ്പി, മുക്കോൺ തൊപ്പി, തുടങ്ങിയവയും ഇവിടെ സൂക്ഷിച്ചിട്ടുണ്ട്.

മൺമറഞ്ഞ സംസ്കാരത്തേപ്പററി പുത്തൻ തലമുറക്ക് അറിവു പകരാനാണ് ഈ കാഴ്ചബംഗ്ലാവ് സജ്ജമാക്കിയിരിക്കുന്നത്. പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ ആണ് ഇത്തരമൊരു കാഴ്ചബംഗ്ലാവ് തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചത്. തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമി മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ ഇക്കാര്യത്തിൽ അത്യധികം താൽപ്പര്യം കാണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

മ്യൂസിയത്തിന്റെ ക്യൂറേററർമാരായ റവ. ഡോ. കുര്യൻ മാതോത്ത്, റവ. ഡോ. ജയിംസ് കൈപ്പൻപ്ലാക്കൽ എന്നിവർ കഠിനാദ്ധ്വാനം ചെയ്ത്, വീടുകൾ, സ്ഥാപനങ്ങൾ, ദേവാലയങ്ങൾ തുടങ്ങി നിരവധിയിടങ്ങൾ സന്ദർശിച്ചാണ് ഇത്രയും പുരാവസ്തുക്കൾ ശേഖരിച്ചത്. നാട്ടുകാർ ഉദാരമായി ഇക്കാര്യത്തിൽ സഹകരിച്ചു. അങ്ങനെ 1990 ജൂൺ ഒമ്പതിന് പാലാരൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ കാഴ്ചബംഗ്ലാവ് ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് പ്രസ് മന്ദിരത്തിന്റെ മുകൾ നിലയിൽ സ്ഥാപിതമായ മ്യൂസിയം ക്രമേണ കൂടുതൽ വസ്തുക്കൾ ചേർത്ത് വിപുലമാക്കി.

READ
JAALAKAM
JUST FOR
$12 A YEAR.
MAKE YOUR
READING
ENJOYABLE.
KNOW MORE
ABOUT THE
AMERICAN
MALAYAALEE
LIFE.

**അഡ്വ. മോനച്ചൻ മുതലാളിയുടെ പുതിയ പംക്തി ആരംഭിക്കുന്നു, മുതലാളിചിന്തകൾ. അമേരിക്കൻ മലയാളികൾക്കിടയിൽ കാണുന്ന നല്ലതും ചീത്തയുമായ പ്രവണതകളെ തന്റെ മനക്കണ്ണിലൂടെ സൂക്ഷിച്ചുനോക്കുന്ന പുതിയ പംക്തി. ബാങ്ക് ഓഫ് അമേരിക്കയിലെ ഇൻവെസ്റ്റ്മെന്റ് വിഭാഗത്തിന്റെ വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്ന ലേഖകൻ, എഴുത്തുകാരനും വാഗ്മിയും സാമൂഹ്യപ്രവർത്തകനും കൂടിയാണ്. ഭാര്യ: ഡോ. മോളി. പുത്രി: റീബ.**

# മുറുകുന്ന മുതലാളിത്തം മറയുന്ന മലയാളിത്തം


**അഡ്വ. മോനച്ചൻ മുതലാളി**


റിമോട്ട് കൺട്രോളുകളുടേയും കമ്പ്യൂട്ടറുകളുടേയും ബട്ടണമർത്തി ജീവിതത്തിന്റെ ഗതിവേഗം നിയന്ത്രിക്കാൻ ബദ്ധപ്പെടുന്ന അമേരിക്കൻ മുതലാളിത്ത സമൂഹത്തിൽ കൈവിട്ടുപോകുന്ന കുടുംബ ബന്ധങ്ങളേപ്പററിയോ, കടിഞ്ഞാൺ നഷ്ടപ്പെടുന്ന വരും തലമുറയേപ്പററിയോ ചിന്തിക്കുവാനോ ഭാരപ്പെടുവാനോ നമ്മുടെ മലയാളി സമൂഹം മിനക്കെട്ടുവെന്ന് വരില്ല. രക്തബന്ധങ്ങൾ പോലും മറന്ന് ഡോളർ തരപ്പെടുത്തുവാൻ നാം പരക്കം പായുമ്പോൾ ജനിച്ചു വളർന്ന നാടിനേയും അവിടുത്തെ നാട്ടുകാരേയും സ്വന്തക്കാരെയുമൊക്കെ മന:പൂർവമല്ലെങ്കിലും മറക്കാനിട വരുന്നത് സ്വാഭാവികമാണ്. എന്നാൽ പണമാണ് എല്ലാ പ്രശ്നങ്ങളുടേയും പരിഹാരം എന്ന ശരാശരി ഭാരതീയന്റെ പുരാതന സങ്കൽപ്പം തലമുറകളായി നില നിർത്തുന്ന മലയാളിക്ക് ഈ നെട്ടോട്ടത്തിനിടയിൽ നഷ്ടപ്പെടുന്നത് സ്വന്തം ലക്ഷ്യബോധവും പാരമ്പര്യവും പൈതൃകവുമാണ്.

‘എന്റെ കുഞ്ഞുങ്ങൾക്ക് ഒരു വാക്ക് പോലും മലയാളം പറയാനറിയില്ല’ എന്ന് ഉച്ചത്തിൽ വിളിച്ചു പറയുകയും അതിൽ അഭിമാനം ദർശിക്കുകയും ചെയ്യുന്ന കേരളീയരെ അമേരിക്കയിൽ ധാരാളം കാണാം. സ്വന്തം മക്കൾ മലയാളം പഠിക്കാതിരിക്കാനും ഇംഗ്ലീഷ് ഭാഷയുമായി ‘കൺഫ്യൂഷൻ’ ആകാതിരിക്കാനും ഇക്കൂട്ടർ വളരെയേറെ ശ്രമിച്ചതുകൊണ്ടാണ് ഇപ്രകാരം ഒരു മഹത്തായ ‘നേട്ടം’ കൈവരിക്കാൻ സാധിച്ചത്. വല്ലപ്പോഴുമൊരിക്കൽ കേരളത്തിലേക്ക് നടത്തുന്ന അവധിക്കാലയാത്രയിൽ മക്കളുടെ മലയാളഗ്രാഹ്യമില്ലായ്മയും ഇംഗ്ലീഷ് പരിജ്ഞാനവുമായിരിക്കും ബന്ധുമിത്രാദികളോടുള്ള സംഭാഷണത്തിന്റെ മുഖ്യമായ ‘സബ്ജക്ട് മാററർ’. അവിടെയാണ് നമ്മുടെ നാട്ടുകാരുടെ സ്വതസിദ്ധമായ അൽപ്പത്തവും ഇടുങ്ങിയ ചിന്താഗതിയും അളക്കുവാൻ കഴിയുക.

ഇംഗ്ലീഷ്ഭാഷ മോശമാണെന്നോ അതു പഠിക്കരുതെന്നോ മേൽപ്പറഞ്ഞ കാര്യങ്ങളാൽ അർത്ഥമാക്കരുത്. ലോകത്തിലെ ബിസിനസ്സ് ഭാഷ ഇന്ന് ഇംഗ്ലീഷാണ്. അമേരിക്കയും യൂറോപ്പും ഉൾപ്പെടെ ലോകത്തെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ മിക്കതും തങ്ങളുടെ ബിസിനസ്സ് കൈകാര്യം ചെയ്യുന്നത് ഇംഗ്ലീഷിലാണ്. ബ്രിട്ടീഷ്ഭരണംകൊണ്ട് നമുക്കുണ്ടായ പ്രധാന നേട്ടം അവർ നമുക്ക് കൈമാറിയ ഇംഗ്ലീഷ് ഭാഷയാണ്. ഗൾഫും അമേരിക്കയുമുൾപ്പെടെ ലോകമെമ്പാടും നമ്മുടെ യുവാക്കൾ വിജയം കൈവരിച്ചതും ഇക്കാരണത്താലാണ്. എന്നാൽ, ഇവയൊന്നും മററൊരു ഭാഷ പഠിക്കുന്നതിന് തടസ്സമായിക്കൂടാ. എന്നുവച്ചാൽ, എത്ര ഭാഷ പഠിക്കുന്നുവോ അത്രയും നന്ന് എന്ന് സാരം.

മലയാളിയെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ്, ബിസിനസ്സിന്റെ ഭാഷയാണെങ്കിൽ മലയാളം ഹൃദയത്തിന്റെ ഭാഷയായിരിക്കണം. മാതൃഭാഷയെ തള്ളിപ്പറയുന്നതുകൊണ്ട് നാം പ്രത്യേകിച്ച് യാതൊന്നും നേടുന്നില്ല. എന്ന് മനസ്സിലാക്കാൻ വൈകിക്കൂടാ. പാശ്ചാത്യരാജ്യത്തെ നിയന്ത്രണരാഹിത്യത്തിൽനിന്നും നമ്മുടെ ടീനേജേഴ്സിനെ ഒഴിവാക്കുന്നതിൽ ഭാഷക്ക് സുപ്രധാന പങ്കുണ്ട്. കുട്ടികളുമായുള്ള മാതാപിതാക്കളുടെ ആത്മബന്ധവും സൗഹൃദവും നിലനിർത്തുന്ന ഒരു പ്രധാന കണ്ണിയാണ് വേരിട്ടു നിൽക്കുന്ന നമ്മുടെ മാതൃഭാഷ.

കുറച്ചൊന്ന് ശ്രമിച്ചാൽ, ഏതൊരു മലയാളിക്കുട്ടിയേയും കുറച്ചെങ്കിലും മാതൃഭാഷ പഠിപ്പിക്കാൻ സാധിക്കും. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ സഹായകമാകും.

1. പ്രധാനമായും കുട്ടികളുടെ (മാതാപിതാക്കളുടേയും) attitude (സങ്കൽപ്പം, ധാരണ) മാററിയെടുക്കണം. മലയാളഭാഷ പഠിക്കുന്നത് അഭിമാനകരമാണ് എന്ന് അവരെ ബോധ്യപ്പെടുത്തണം. മലയാളം തങ്ങളുടെ മക്കൾക്ക് അറിയാം എന്നത് മററുള്ളവരുടെ മുമ്പിൽ എടുത്ത് പറയുകയും ആ നേട്ടത്തിൽ അവരെ പുകഴ്ത്തുകയും ചെയ്യണം.

2. കുറഞ്ഞപക്ഷം കുടുംബത്തിലെങ്കിലും സ്ഥിരമായി മലയാളം സംസാരിക്കുവാനും മന:പൂർവം കുട്ടികളേക്കൊണ്ട് മറുപടി പറയിപ്പിക്കുവാനും ശ്രമിക്കണം. തെററുകൾ ചൂണ്ടിക്കാട്ടാം. പക്ഷേ, അതിൽ അവരെ കളിയാക്കരുത് എന്നത് ശ്രദ്ധിക്കുക.

3. നാട്ടിലുള്ള ബന്ധുക്കളുമായി ഫോണിൽ ബന്ധപ്പെടുമ്പോൾ പ്രസ്തുത സംഭാഷണങ്ങളിൽ കുട്ടികളേക്കൂടി ഉൾപ്പെടുത്തുക. നാട്ടുകാരുമായി സംസാരിക്കാൻ ഭാഷ ആവശ്യമെന്ന് മക്കൾക്ക് ബോധ്യപ്പെടാൻ ഇത് സഹായകമാണ്.

4. കുടുംബത്തിലെ ദൈനംദിന പ്രാർത്ഥനകളിലും മററും കുറഞ്ഞ അളവിലെങ്കിലും മലയാളം കൂടി ഉൾപ്പെടുത്തുകയും കഴിയുമെങ്കിൽ അതിന്റെ അർത്ഥവും മററും വിശദീകരിക്കുകയും ചെയ്യണം.

5. അമേരിക്കയിൽ തന്നെയുള്ള കുടുംബാംഗങ്ങളുമായുള്ള ‘കുടുംബസംഗമം’ (family get-together) മലയാളം പറയുവാനുള്ള അവസരമാക്കി മാററണം. ഓണം, ക്രിസ്തുമസ്സ് തുടങ്ങിയ പരിപാടികൾ ആഘോഷിക്കുമ്പോൾ മലയാള സംഭാഷണം പ്രോൽസാഹിപ്പിക്കുകയും പരിപാടികൾ പലതും മലയാളീകരിക്കുകയും ചെയ്യണം.

മുകളിൽപ്പറഞ്ഞ കാര്യങ്ങൾ താൽപ്പര്യത്തോടെ കൈകാര്യം ചെയ്താൽ ഒരു പക്ഷേ നമ്മുടെ കുട്ടികളിലേക്ക് നമ്മുടെ പാരമ്പര്യം പകർന്നു കൊടുക്കുവാൻ നമുക്ക് സാധിച്ചേക്കും. മലയാള ഭാഷയേക്കുറിച്ചുള്ള നമ്മുടെ അവഗണന നിറഞ്ഞ സങ്കൽപ്പങ്ങൾ തിരുത്തിക്കുറിക്കുവാനുള്ള നിശ്ചയദാർഢ്യം ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. ഈ മാററത്തിന്റെ തുടക്കം മലയാളി മനസ്സുകളിൽ നിന്നായിരിക്കണം എന്നുമാത്രം.


**അടുത്ത ലക്കത്തിൽ:**
**പിടിവിട്ടു പോകുന്ന മലയാളി ടീനേജർ**

# This lady is not for crying...

**George Mukalel**

‘‘David said over the phone... It’s brilliant! And I just broke down. Through this book, I was actually unfolding part of my life that even my very near ones were not aware of. When Zubin, my son read it, he was like ‘Mum, you went through all that and I had no clue’. The aim of my book is to be able to humanize conflict, to be able to look at emotions and not simply intellectualize war and violence.’’

That is pure Anita Pratap. A woman, a single mother, a correspondent who has often been heard to say, ‘‘I have lived life according to my own dictates.’’ And David is of course, David Davidar, the top boss of Penguin India and an author himself. The book is Island of Blood, Pratap’s masterly reminiscences while covering the Sri Lankan and other wars. Anita Pratap has seen and felt a lot. As a correspondent for Sunday magazine, she went to Sri Lanka to cover what was then an ethnic strife.

Over the years, the strife graduated into full-scale war and Anita excelled in reporting from the frontlines. She saw deaths -- many heroics -- of young girls and boys, barely in their teens and she heard their cries of pain. She swallowed all that, putting up a brave front. All that she was bothered about then was her deadlines. In between, she changed jobs: from reporting for Time to anchoring for CNN. An early unhappy marriage had left her a single mother. So the immediate need was to settle her son. Once her son grew up and was ready to enter college, Anita fell in love.

Before long, she found marital bliss with her marriage to Norwegian diplomat Arne Walther. It was, perhaps, too much happiness that brought back memories of her painful war years. One fine day while looking through the window at the placid scene of a maple tree in blossom in Oslo, the visions of those days in Sri Lanka came back. Island Of Blood was born. ‘‘I finally realized that I needed to let it all out. I have come at close quarters with some of the most horrific scenes of life as a war correspondent...The book has been in the offing since 1987. Finally, I thought I had the peace to write it. I went to my parent’s place in Kerala and that is where I completed it,’’ said Anita at the launch of the book. Anita candidly admitted that she had buried all that pain and suffering deep inside her. In fact, she recalled that when David Davidar talked to her on the telephone to tell her how wonderful the book (still in its manuscript stage) was, the battle-hardened reporter was in tears. That is why at the launching of the book, she declared that she was "not going to read out excerpts as is generally done on such occasions. A book is all about a relationship that develops gradually between an author and a reader. It cannot be shared by a number of people simultaneously," said Anita.
That she wanted her personal experiences to be part of a relationship can be seen from her description of events and happenings. Many of them bring tears to the eyes. However, the day a Tamil Tigress died in front of her, Anita was too numb to cry. The Tigress was the ‘heroine’ of a LTTE suicide attack which took place at Elephant Pass.

LTTE guerrillas told her how Sri Lankan soldiers had started firing at an armored bulldozer that was coming towards them. The bulldozer did not stop; it trundled along as if it was on autopilot.The book goes on: "The autopilot turned out to be a Tigress. She was a bloodied mess. Both her arms had been blown away; bullets had ripped out her cheeks. She could not have been more than 15 years old. She was still conscious."She did not scream, just moaned softly.

Wimalaratne (Sri Lankan brigadier), tried to pour a few drops of water into her parched mouth. The dying girl reacted with ferocity. Her eyes were suddenly focused and she spat out the drops... She was dying, but she would not take water from a Sri Lankan soldier! "With her final breath, this fatally wounded Tigress called out, not to her mother, not to her father, not even to God, but to 'Annae, Annae'(a term of endearment for elder brother, as Sri Lankan Tamil guerrilla leader Velupillai Prabhakaran is widely called).”

It is Prabhakaran, however, who hogs a lot of attention in Anita’s book. She was "speechless with disappointment" at their first meeting because “he was short, stocky and ordinary -- indistinguishable from a million other Tamil men; he might have been just another businessman or government employee”. It was only when the Liberation Tigers of Tamil Elam(LTTE) leader softly introduced himself in Tamil, "Naan thaan Prabhakaran (I am Prabhakaran)" that Anita believed him.

Island of Blood is peppered with anecdotes and some of them involve Anita herself. The most fascinating -- and daring -- is about a 1987 interview with Prabhakaran at New Delhi's Ashoka Hotel where had to masquerade as a housekeeping staff to get past the security barriers.
On yet another occasion, Anita trudged through the thick jungles of northern Sri Lanka, when journalists were banned by the Indian army from visiting the Tiger stronghold of Jaffna.

In a newstory about the launch of her book, Anita is referred to as a nomad. She has more qualities than the impermanence of a nomadic lifestyle. She is blessed with the unique quality to appreciate the ordinary and experience the greatness of life’s little treasures. And it is this that has helped her see the bigger picture of life.
A restless lady, besides writing, Anita is also involved in making documentaries. As she confessed to a reporter, ‘‘I can never sit idle. I need to be moving to feel the real self.’’

# INDIA notes

AFTER months of sabre-rattling and tension that created fears of a nuclear holocaust, the Atal Behari Vajpayee government it appears is now adopting a softer posture against Pakistan. This despite a recent terror attack in Kasim Nagar in Jammu in which over 20 people who were listening to a cricket match were killed.

In May, soon after a terrorist attack in Kaluchak where 30 persons including women and children belonging to families of troops were killed, Prime Minister Vajpayee had said in a speech to be "prepared for sacrifices…It's now time for a decisive fight". That had sent the world into a tizzy. This time, however, India did not blame Pakistan directly for the Kasim Nagar killings saying it needed more evidence. The Deputy Prime Minister L K Advani backed it up by saying that the world needed to put more pressure on Pakistan to stop militants from crossing the Line of Control into India-held Kashmir.

With over a million Indian and Pakistani troops facing each other across the borders, the Indian stance of going soft on Pakistan comes as a mystery. According to foreign policy analysts, the change in India's approach is not due to pressure from US and Britain but because the elections to the Jammu and Kashmir Assembly is coming up.

India does not wish to take any military steps against Pakistan at this moment because it wishes the world to see that a normal political process is revived in J &K. The mid-October elections are critical since it will give legitimacy to the Indian stand that Kashmir is an integral part of the country. As former Foreign Secretary J N Dixit put it: "India wants to affirm to the world Jammu and Kashmir is an Indian state despite everyone saying it's disputed." That is perhaps why even defence analysts are saying that India's soft stance at this point of time makes more sense than responding fire with more fire. That would certainly shift the attention of the people – and the world – from the elections. Kashmir-watchers believe that the rigged elections 15 years ago brought in the demand for separation from India and subsequent militancy. This time around, the government has promised that the elections would be free and fair.

The elections issue apart, India has done whatever it can diplomatically to bring to the notice of the world that the country has been – and continues to be – a victim of terrorism. With the Atal Behari Vajpayee government's intention to get on with the polls in Jammu and Kashmir, diplomatically at least India can force the Americans and British to exert pressure on Pakistan President Pervez Musharraf to deliver on his promises to stop cross-border terrorism. In his recent meeting with British Foreign Secretary Jack Straw, the Indian External Affairs Minister Yashwant Sinha did some plain speaking and held forth that India would not pull back its troops from the border.

Leaving aside diplomatic moves, Kashmir has, over the last few months, held centre-stage. This time the RSS and the BJP have gone public over the division of Kashmir. The RSS being the mother organization, it is the BJP, which invariably falls in line every time to its wishes. It is indeed surprising that the RSS and the BJP should be taking a diametrically opposite stand on the issue of the trifurcation of the State of Jammu and Kashmir. For quite some time now, the RSS has been demanding the division of J & K on communal lines into three separate administrative parts. The RSS, in a recent meeting, demanded that Jammu and Ladakh be given separate statehood status. The idea is that this sort of a division would isolate the Kashmir valley, widely believed to be the nursery of Islamic separatists. The trifurcation would give some sort of a guarantee for peace and normalcy in the two regions. Though the division could well preserve the ethno-religious identity of Ladakh (Buddhist) and Jammu (Hindu), it will be a short-term measure; for it is likely to send a signal to the entire country that people of different religions cannot live together in peace in India. And worse still, the separation of Kashmir from Jammu will give Pakistan-based militants the freedom to do as they please. The separation will play into the hands of the secessionists who want Kashmir for Pakistan. The division would be an admission by India of the failure of secularism.

On the other hand, it is the hype for the same secular credentials that saw the election of noted scientist A P J Abdul Kalam as the President of India. The choice of a candidate from a minority community for President saw much confusion and bickering in the initial stages between the BJP-led National Democratic Alliance allies and the main Opposition party, the Congress. Even though the NDA and the Congress and some other Opposition parties agreed to Kalam's candidature, it was not a unanimous choice. The Leftists put up their own candidate, Ms Lakshmi Sehgal, a one-time colonel in the short-lived Indian National Army led by Subhas Chandra Bose, who incidentally got quite a few votes but nowhere near the number Kalam gathered.

If the Presidential election passed off on expected lines with the ruling alliance and the main opposition parties agreeing to the candidate, a lot of heat and dust is expected with the resignation of Gujarat Chief Minister Narendra Modi and his call for early elections in the state. The state witnessed sectarian rioting and violence for quite a few months, caused primarily by rightist Hindu organizations with close links to Prime Minister Atal Behari Vajpayee's Bharatiya Janata Party and its mother organization, the Rashtriya Swayam Sevak Sangh (RSS). It is the general belief in rightist Hindu circles that holding an election soon after the rioting – which has caused a division among the dominant Hindu majority and Muslims – would benefit the BJP. It is almost certain that the Congress led by Sonia Gandhi, which is well known for its avowed secular credentials, will oppose the move to hold early elections in the state. In addition, in a parallel move, a forum of eminent citizens led by former Prime Minister I K Gujral, met the chief election commissioner (responsible for the conduct of elections in the whole country) to tell him that elections should not be held till law and order is restored in the state.

*[Jaalakam News Bureau]*

# newly blended..

**By Rebecca Karamehmedovic**

Mixed marriage. Interracial marriage. Multicultural marriage. No matter what they're called today, they make up an increasingly large portion of families in the US. In-fact, the number of interracial marriages has tripled in the last 15 years.

To many, a mixed marriage is as simple as Black and White, literally, but in the 21st century it gets much more complicated. Mixed can mean that the partners have different nationalities, skin tones, religions or even similar origins, but different cultures.

Society as a whole, not just overprotective parents, often has problems accepting interracial marriages. In fact, as recent as 1967, they were outlawed in 16 states. In Loving vs. the state of Virginia, a judge actually declared that "Almighty God created the races…and He placed them on separate continents," as an argument against such unions.

Despite such strict practices, mixed marriages, especially amongst Indian immigrants have been a long-standing practice. In the 1900's many Sikh farmers immigrated to the States, leaving their families behind in India. Loneliness along with a desire to raise a family, led many of these immigrants to marry the local and Mexican women in California and Texas. As the years progressed, a wave of Indian students in the 1960's, again without their families, married the locals or other immigrants whom they met on their college campuses or in their first jobs.

On the other hand, many of today's Indian parents worst fear is that their children will marry outside of the community. American born Indians, and other immigrants, are often forced to defy their traditional family, culture and religion.

So let's say that we do manage to make it past the protests of our relations, we still have to deal with the rest of society. While an
unaccepting relative may be a horrible feeling, it is often possible to completely avoid or work through such situations. As strange as it may seem, the greater of the two evils can be the unapproving looks and words from everyday passersby or social groups.

When Gauri Ambegaonkar was dating an African American, he felt perfectly comfortable attending local Maharashtrian functions and weddings. On the other hand, she had the distinct feeling that she was being left out, that other parents were thinking, "I'm glad that MY daughter is seeing an Indian."

Kevin Armstrong, the product of an American and Egyptian union, jokingly declares, "Interracial marriage is like a fish swimming upstream." Actually, he may not be far off, a fish out of water is exactly how many immigrants or mixed partners feel.

In any marriage, there is a typical give and take, and even in these changing times it is often the wife who does most of the giving. When it comes to a marriage where cultures, traditions and values vary, this give and take becomes even more prominent and valuable to the relationship.

"Changing citizenship is easy, swapping cultures is not," says Bharati Mukherjee, an author who experienced culture shock when she married her American husband over 30 years ago. Mukherjee is well aware of the difficulties and rewards that come when combining cultures, but it may be her Western husband who is having the harder time.

"Can a person from an alien culture infiltrate the tightly knit Indian extended family?" wonders Lavina Melwani, a contributor to Little India magazine. Indian families are known to be quite involved with each other's lives. It can be quite an intimidating experience to have grandparents or great-grandparents as permanent installation in ones home.

Even if the spouse feels excepted into a community or family, language barriers can prohibit the development of interpersonal relationships. A wife may not be able to have as close and loving a relationship with her Gujarati speaking in-laws as if they spoke Italian like her.

As a product of and a participant in these so-called non-traditional marriages, I have some first hand knowledge regarding the daily conquests and triumphs. As I said, there is a definite give and take that can become intensified because of differences. Religion is often one of the most inflammatory differences.

To use my own family has an example of this religious dichotomy, my parents are Hindu and Catholic, and my In-laws are Muslim and Catholic. This leaves us with a myriad of questions on what to teach our own children.

Shikha Malaviya of Hinduism Today offers some sound advice, "Though we have no daily religion regimen, we help our children experience various religious and cultural celebrations to enrich their lives." She, along with many parents, worries about the categorization of her multi-ethnic children.

Alan Karamehmedovic, a naturalized American who arrived as a refugee from Bosnia, has thoughts on his future children. While both parents have a desire to teach their own culture, he affirms that, "No Matter what, we both want one thing. We want to let them choose their own path, religion, and culture, and most importantly, to respect the path chosen by others."

When a family of blended origins walks down the street, what uncertainties run through the minds of onlookers? Do they wonder what HE is doing with HER, and what in the world they have in common? Are the questions as complex as who will decide their fate? Or, as simple as what do they eat at home?

They come from two different worlds, and their marriage will never last," is and argument often used. But, in reality, this can be used to describe any relationship. No matter the differences between partners, everything depends on mutual respect for each other's cultures. It's Love that maters.


*for your PRINTING needs*

contact:

ADEPT MEDIA

at

813 685 1713

**Email: jaalakam@aol.com**

We create advertisements
quality brochures,catalogues, magazines
newspapers, souvenirs, newsletters.
We do layouts, graphic design
all prepress works.
&
Malayalam Typesetting.

***Reasonable Rates!***



ADVERTISE IN
JAALAKAM
AND REACH
AMERICAN MALAYAALEES.
YOUR BEST TARGET
FOR YOUR
PRODUCTS.